പരലോകം

VALLATHOL GRANDHALAYAM
CHERUTHURUTHY

വള്ളത്തോൾ

Digitized By Kerala Sahitya Akademi

പരലോകം

★

വള്ളത്തോൾ

Digitized By Kerala Sahitya Akademi

രണ്ടാം പതിപ്പ് കോപ്പി 1000

പകർപ്പവകാശം: സി. മല്ലിക അമ്മയ്ക്ക്

പ്രസാധകന്മാർ:

വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി

വില: 3 ക. 50 ന. പ.

1959 ഫെബ്രുവരി

അച്ചടി:
വള്ളത്തോൾ പ്രിൻറിങ്ങ് & പബ്ലിഷിങ്ങ് ഹൌസ്,
തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

പരലോകം

1. ദാദാബായ് നവറോജി

മാററിത്തമെന്തൊന്നിതു? മാരിയോറു
നനഞ്ഞുതുങ്ങും ചിറകോടുകൂടി,
പുരപ്പുറത്തേറിയിരുന്നു കൂടെ-
ക്കൂടേ കഠോരം കരയുന്നു കാകൻ! 1

മുഖത്തു നീലാഭ്രനിചോളമിട്ടും,
നാനാമരച്ചാർത്തിൽ മറഞ്ഞുനിന്നും,
മണ്ഡൂകചണ്ഡധ്വനിയാലിതാ, ദി-
ക്കെല്ലാമുദഗ്രം മുറയിട്ടിടുന്നു! 2

കാറേററ നാനാവിധപാദപങ്ങ-
ളിടയ്ക്കിടയ്ക്കശ്രുകണങ്ങൾ തൂകി,

ദാദാഭായി നവറോജിയുടെ നിര്യാണത്തെപ്പററി: 1092 മിഥുനം.

1. കാക്ക പുരപ്പുറത്തിരുന്നു കഠോരമായി കരയുന്നതു് എന്തോ ദുർന്നിമിത്തത്തെ കുറിക്കുന്നു എന്നു്.

2. നീലാഭ്രനിചോളം=കാർമേഘമാകുന്ന മൂടുപടം. മണ്ഡൂകചണ്ഡധ്വനി=തവളകളുടെ കഠോരശബ്ദം. ഉദഗ്രം=ഭയങ്കരമായി. മണ്ഡൂകചണ്ഡധ്വനിയെ ദിക്കുകളുടെ ആർത്തനാദമായിക്കല്പിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

ചലൽപലാശാവലിനിസ്വനത്താ-
ലോരോന്നു തമ്മിൽ പ്രലപിപ്പതെന്തോ? 3

ഇന്നുള്ള നിൻപുത്രരിലെന്തുകൊണ്ടും
ജ്യേഷ്ഠൻ വരിഷ്ഠൻ നവറോജി—ഹാഹാ!
അസഹ്യ,മമ്മേ ഭരതോർവ്വി, ദേവി-
യ്ക്കാപ്പെട്ട സീമന്തകുമാരദുഃഖം! 4

തൊണ്ണൂററിരണ്ടിൽപ്പുറമായ്‌വയസ്സു-
ന്നതിയഴല്ലെങ്ങിനെ ശാന്തിചേർക്കും?
അമ്മയ്ക്കു നൂനം മകനെത്ര വൃദ്ധ-
നായ്പ്പോകിലും പിഞ്ചുകിടാവുതന്നെ! 5

---

3. നാനാവിധപാദപങ്ങൾ=പലതരം വൃക്ഷങ്ങൾ. അശ്രുകണങ്ങൾ തൂകി—മഴ പെയ്തിരുന്നതിനാൽ വൃക്ഷങ്ങളിന്മേൽനിന്നു വെള്ളം ഇററുവീണിരുന്നു; അതിനെയാണ് കണ്ണീർക്കണങ്ങളായി കല്പിച്ചിരിക്കുന്നത്. ചലൽ....നിസ്വനം=ഇളകുന്ന പത്രസമൂഹങ്ങളുടെ ശബ്ദം.

4. ജ്യേഷ്ഠൻ വരിഷ്ഠൻ—ജ്യേഷ്ഠനായതുകൊണ്ടു മാത്രം വരിഷ്ഠ(ശ്രേഷ്ഠ)നായിക്കൊള്ളണമെന്നില്ല; പക്ഷേ നവറോജി വാസ്തവത്തിലങ്ങിനെയായിരുന്നു. നവറോജി—ആ ദുസ്സഹസംഭവം പറഞ്ഞു മുഴമിക്കാൻതന്നെ മനസ്സുവരുന്നില്ല; അതാണ് ഇടയ്ക്കുവെച്ചു നിർത്തിക്കളഞ്ഞത്. സീമന്തകുമാരദുഃഖം=മൂത്തമകൻ നഷ്ടപ്പെട്ടതിലുള്ള ദുഃഖം.

5. അമ്മയ്ക്കു മകനെത്ര വൃദ്ധനായാലും എന്നെന്നും കുട്ടിതന്നെയാണല്ലോ.

Digitized By Kerala Sahitya Akademi

പരാശ്രയോത്താപമിയന്ന നിങ്ങൾ-
പ്പലപ്പൊഴും ബാഷ്പപയസ്സൊഴുക്കി
നിർവ്വാണമൊട്ടേകിയ നിർവ്യളീക-
നേത്രങ്ങളെന്നേയ്ക്കുമടഞ്ഞിതയ്യോ! 6

ഇന്ത്യാവനീദേവി, ഭവച്ഛിരസ്സിൽ-
സ്സ്വാതന്ത്ര്യകോടീരമെടുത്തു ചാർത്താൻ
ആ 'വൈദികാ'ഗ്ര്യൻെറ കരങ്ങളെപ്പോ-
ലർഹങ്ങളായുള്ളവ വേറെയുണ്ടോ? 7

ഒന്നാമതായാരുടെ കയ്യുകൊണ്ടോ
സ്വാതന്ത്ര്യസിദ്ധിയ്ക്കിഹ വിത്തു പാകി;
അക്കർഷകൻ, സാമ്പ്രതമിന്ത്യയാകും
ഗൃഹത്തിലെക്കാരണവൻ, ഗഭീരൻ, 8

വളർന്ന തൻപഞ്ച വിളഞ്ഞുവന്ന-
പ്പൊഴെയ്ക്കുമെങ്ങോട്ടു ഗമിച്ചതയ്യോ!

---

6. പരാശ്രയോത്താപം=പാരതന്ത്ര്യം മൂലമുള്ള കഠിനദുഃഖം; ചൂട് എന്നും. നിർവ്വാണം=ആശ്വാസം. നിർവ്യളീകനേത്രങ്ങൾ=നിഷ്കളങ്കനേത്രങ്ങൾ.

7. ഇന്ത്യാവനീദേവി=ഭാരതഭൂമിയാകുന്ന ദേവി. സ്വാതന്ത്ര്യകോടീരം=സ്വാതന്ത്ര്യത്തിൻെറ കിരീടം. വൈദികാഗ്ര്യൻ=വേദജ്ഞന്മാരിൽ അഗ്രഗണ്യൻ. കിരീടം ചാർത്തുന്ന സമയത്തു (അഭിഷേകസമയത്തു) വേദമന്ത്രങ്ങൾ ചൊല്ലണമല്ലോ. നവറോജി വേദങ്ങളിൽ നല്ല അവഗാഹമുള്ള ആളായിരുന്നു.

Digitized By Kerala Sahitya Akademi

അല്ലെങ്കിലാസ്സൽപുരുഷൻ തനിയ്ക്കാ-
യിട്ടല്ലയല്ലോ തൊഴിൽചെയ്തുപോന്നു. 9

കല്യാണമാമിക്കൃഷി കൊയ്തെടുപ്പാൻ
കരങ്ങളും നന്നായ്ക്കഴുകേണമെങ്കിൽ,
അതമ്മഹാൻതൻ മൃതിയാലുയർന്ന
കണ്ണീരുകൊണ്ടോ ശിവരാമ, വേണ്ടൂ! 10

'എൻമാതൃഭൂവെ'ന്നൊരു ചിന്തയല്ലാ-
തുണ്ടായിരുന്നില്ലവിടെയ്ക്കു പണ്ടേ;
സ്വരാജ്യനിശ്രേയസയത്നമാണ-
ദ്ധീമാന്റെ വേദത്തിൽ വിധിച്ച യജ്ഞം! 11

സർവ്വോപരിപ്രോജ്ജ്വലരാജഭക്തി-
യാലും, പരിത്യാഗഗുണത്തിനാലും
നിറഞ്ഞൊരന്ന്യാദൃശഹൃത്തിലല്ലോ
യമന്റെ കയ്യാമെരികൊള്ളി വീണു! 12

അദ്ധ്യക്ഷനില്ലാസ്സഭപോലെ, കപ്പി-
ത്താനോട്ടു വേർപെട്ടൊരു കപ്പൽപോലേ,

---

10. കല്യാണം=മംഗളകരം. മംഗളകർമ്മം ചെയ്യാൻ കൈ കഴുകി ശുദ്ധിവരുത്തിയിട്ടു വേണമല്ലോ.

11. സ്വരാജ്യനിശ്രേയസയത്നം=തന്റെ രാജ്യത്തിന്റെ ശ്രേയസ്സിന്നായിക്കൊണ്ടുള്ള പരിശ്രമം.

12. എരികൊള്ളിയെ യമന്റെ കയ്യായ് അദ്ധ്യവസായം ചെയ്തിരിക്കുന്നു. പട്ടടയിൽ തീക്കൊള്ളി വെച്ചതിനെ സൂചിപ്പിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

അസ്സൽപുമാൻ വിട്ട ജഗത്തിതൃത്വി-
ഗ്വിഹീനമാമധ്വരശാലപോലേ!

സ്വജന്മതാരങ്ങളിലാ മുമുക്ഷു
സന്ദേശമോരോന്നരുളിച്ചെയ്തുപോന്നു;
അതെത്രയുൽക്കൃഷ്ടപവിത്ര,മിന്ത്യാ-
സ്വാതന്ത്ര്യമന്ത്രപ്രണവംകണക്കേ! 14

ഇയ്യാണ്ടിലേതാഗ്ഗുരുവിൻെറയന്ത്യ-
സന്ദേശമാണെന്നെവനോർത്തിരുന്നു?
ഹാ, മൃത്യുവിന്നേതൊരു വാതിൽപോലും
തോന്നുന്നനേരം കയറിത്തുറക്കാം! 15

ആയീ വൃഥാ ദുഃഖമിതഃ-മ്മഹാൻെറ-
യാത്മാവു മേല്പോട്ടു ഗമിച്ചിടാനിം
വാനത്തൊരോമൽപ്പുതുതാരമായി-
ച്ചമഞ്ഞിരിയ്ക്കും പുരുപുണ്യയോഗാൽ! 16

---

13. ഋത്വിഗ്വിഹീനം=ഋത്വിക്കില്ലാത്ത. ഋത്വിക്ക്=യാഗത്തിൽ ക്രിയചെയ്യുന്ന ആചാര്യൻ. അധ്വരശാല=യാഗശാല. ഇന്ത്യയുടെ നിസ്സഹായതയെ സൂചിപ്പിയ്ക്കുന്നു.

14. സ്വജന്മതാരങ്ങളിൽ=തൻെറ പിറന്നാൾ ദിവസങ്ങളിൽ. മുമുക്ഷു=മോക്ഷ(സ്വാതന്ത്ര്യ)ത്തെ ആഗ്രഹിയ്ക്കുന്നവൻ. പ്രണവം=ഓംകാരം.

16. മരിച്ചവരെച്ചൊല്ലിക്കരയുന്നത് അവരുടെ ആത്മശാന്തിയ്ക്കു വിഘാതമായേയ്ക്കുമെന്ന ഭയാശങ്ക സൂചിപ്പിച്ചിരിയ്ക്കുന്നു. ധാരാളംപുണ്യകൃത്യങ്ങൾ ചെയ്തവരുടെ ആത്മാവു നക്ഷത്രമായിത്തീരുമെന്നു സങ്കല്പം.

Digitized By Kerala Sahitya Akademi

കല്പാന്തകാലംവരെ നില്പതാമീ
നക്ഷത്രമേകുന്ന നറുംവെളിച്ചം
'മനുഷ്യ'രായ് നമ്മൾ നടന്നിടേണ്ടും
മാർഗ്ഗത്തിലെക്കൂരിരുൾ നീക്കിടട്ടേ! 17

ത്വൽപാദപീഠത്തിലനന്യഹൃത്താ
വൃദ്ധർഷിയർപ്പിച്ച സുമങ്ങളമ്മേ,
എന്നെന്നുമെങ്ങെങ്ങു പരത്തുകില്ലാ
മനം തണുപ്പിപ്പൊരു ളുമണത്തെ? 18

അദ്ദീർഘദർശിപ്രവരൻ ചമച്ച
വൻചാലിലൂടേ ഗമനം തുടർന്നാൽ
നിൻജീവിതക്കപ്പലെളുപ്പമിന്ത്യേ,
ചെന്നെത്തു,മാപ്പൊൻവിളയും കരയ്ക്കൽ. 19

സ്വർഗ്ഗസ്ഥനസ്സൽഗുരുവിജ്ജനത്തി-
ന്നേകേണമേ വീണ്ടുമനുഗ്രഹങ്ങൾ,
മാതാവുതൻ തൃച്ചരണം തലോടി
മാഹാത്മ്യമാർജ്ജിച്ച കരങ്ങളാലേ! 20

---

17. കല്പാന്തകാലം=പ്രളയകാലം.

18. അനന്യഹൃത്ത്=മററൊന്നിലും മനസ്സുവെയ്ക്കാത്തവൻ. വൃദ്ധർഷി.......ളമ്മേ—നവറോജിയുടെ ഗ്രന്ഥങ്ങളെന്നർത്ഥം.

19. ദീർഘദർശിപ്രവരൻ എന്നു പറഞ്ഞതുകൊണ്ട് അദ്ദേഹം നമുക്കു പോകേണ്ടതായ മാർഗ്ഗം അങ്ങേ അററംവരെ കണ്ടുവെച്ചിരിക്കുന്നുവെന്നു വ്യഞ്ജിക്കുന്നു. പൊൻവിളയും കരയ്ക്കൽ—സ്വാതന്ത്ര്യമാകുന്ന പ്രാപ്യസ്ഥാനത്ത്

20. മാതാവുതൻ........കരങ്ങളാലേ—മാതാവിന്റെ തൃപ്പാദങ്ങൾ തലോടിപ്പോന്ന ആ കൈകൊണ്ടുള്ള അനുഗ്രഹംതന്നെ സ്വാതന്ത്ര്യപരിശ്രമത്തിന്ന് ഒരു പ്രചോദനമാണെന്നഭിപ്രായം.

Digitized By Kerala Sahitya Akademi

2. അത്യാഹിതം

(കേക)

1. കണ്ണീരിലൊഴുകിപ്പോ-
കാത്തൊരു ദുഃഖമിതി,-
പ്പുണ്ണിനു മരുന്നില്ലീ,-
യല്ലിനില്ലുഷഃകാലം:
ഹാ, കൈകളിതാ നീട്ടീ
സംഹാരരുദ്രൻ സൈ്വരം
ലോകൈകമാന്യൻേറയും
ദേഹരത്നത്തിനായി!

2. ത്യാഗമേ ബാല്യംതൊട്ടു
ശീലിച്ചു ശീലിച്ചാത്മ-
ത്യാഗവും ചെയ്താനിന്ത്യ-
യ്ക്കേകനേതാവഥധീരൻ;

ലോകമാന്യബാലഗംഗാധരതിലകൻെറ നിര്യാണത്തെപ്പററി: 1095 ചിങ്ങം.

1. കുറെ കരഞ്ഞാൽ ദുഃഖത്തിനു തെല്ലു ശമം വരാവുന്നതല്ലോ. എന്നാൽ ഈ ദുഃഖം അങ്ങിനെയുള്ളതല്ല. ഈ പുണ്ണിനു മരുന്നില്ല; ഈ അല്ലിന്നു് (രാത്രിയ്ക്കു്, ഇരുട്ടിനു്) പ്രഭാതവുമില്ല!

2. ത്യാഗം ചെയ്തു ചെയ്തു് ഒടുവിൽ ആത്മത്യാഗവും ചെയ്തു. രാജ്യത്തിനുവേണ്ടി ആത്മത്യാഗം ചെയ്യുന്നതിൽപ്പോലും അദ്ദേഹത്തിനു സങ്കോചലേശമുണ്ടായില്ല! ആത്മത്യാഗം=മരണം. ആഗതമത്യാഹിതം=അത്യാപത്തു വന്നുചേർന്നു. കാമരാജ്ജിതകർമ്മയോ

Digitized By Kerala Sahitya Akademi

ആഗതമത്ത്യാഹിതം!
കാമവജ്ജിതകമ്മ-
യോഗമേ, തവ സ്ഥിതി
ഗീതയിൽമാത്രമിനി!

3. സ്വാതന്ത്ര്യലാഭോപായ-
ചിന്തയാൽ വിയക്കവേ
മാതാവിൻ മൃദുനെററി
മാജ്ജിതതിലകമായ്;
പെട്ടെന്നു സൌമംഗല്യ-
മുദ്രയോടയ്യോ, വേറു-

ഗം=ഫലത്തിൽ ആഗ്രഹമില്ലാതെ കമ്മം ചെയ്യലാകുന്ന യോഗം-അല്ലയോ നിഷ്കാമകമ്മയോഗമേ, നിനക്ക് ഇനി ഗീതതന്നെയേ ശരണമായിട്ടുള്ളു. അതു ശരിയായി അനുഷ്ഠിപ്പാനുള്ള മഹാൻ അന്തരിച്ചുപോയല്ലോ!

3. സ്വാതന്ത്ര്യലാഭോപായചിന്ത=സ്വാതന്ത്ര്യലബ്ധിക്കുള്ള ഉപായത്തെപ്പററിയുള്ള ആലോചന. മാജ്ജിതതിലകം=മാച്ചപ്പെട്ട പൊട്ടോടുകൂടിയത്. പരേതനായ 'തിലക'രോടുകൂടിയതെന്നും. നെററി വിയത്താൽ തിലകം മായുമല്ലോ. മാതാവ്—ഭാരതഭൂമി. മാതാവിന്ന്—ഭാരതഭൂമിയ്ക്ക്—ഒരു തിലകമെന്നപോലെ ശോഭിച്ചിരുന്ന, വീരശ്രീമാനായിരുന്ന, ബാലഗംഗാധരതിലകൻ എന്നത്ഥം. സൌമങ്ഗല്യമുദ്ര=നെടുമങ്ഗല്യത്തെ സൂചിപ്പിക്കുന്ന അടയാളം—പൊട്ട് കല്ലോലം.......നേർ നടുക്കഴലുന്നു—രാജ്യത്തിലെ അന്നത്തെ രാഷ്ട്രീയസ്ഥിതിയെ കാണിക്കുന്നു. കാററും കോളും പിടിച്ച കടലിൻെറ നടുക്കാണ് കപ്പൽ ചെന്നു നില്ക്കുന്ന

Digitized By Kerala Sahitya Akademi

പെട്ട താന്തിരുമുഖ-
ത്തെങ്ങിനെ നോക്കും നമ്മൾ?

4. കല്ലോലം കൊട്ടാകാറ-
ത്തിരമ്പിമറിയുന്നു;
കപ്പലോ കടലിൻറെ
നേർനടുക്കുഴലുന്നു;
കണ്ണധാരരിൽ മുഖ്യ-
നിദ്രശാന്തരത്തിൽത്താൻ
കണ്ണടയ്ക്കണമെന്നോ
കല്പിച്ചു ഹതവിധി!

5 സ്നേഹരാജസൂയാനു-
ഷ്ഠാനത്താൽ സുകൃതിയ-
ദ്ദേഹമീ നാട്ടാർക്കെല്ലാം
രാജരാജനായ് വാണു;
ഹേ ബാലഗംഗാധര-
തിലക, സ്വാമിൻ, ചിരാ-
ലാബാലവൃദ്ധം ലോക-
രങ്ങയ്ക്കു വശംവദർ.

---

൪. ഈ ആപദ്ദശാഘട്ടത്തിൽ കണ്ണധാര(കപ്പിത്താൻ)രിൽ മുഖ്യൻ നഷ്ടപ്പെട്ടാലോ?

5. രാജസൂയം=ചക്രവർത്തികൾക്കു മാത്രം ചെയ്യാവുന്ന ഒരു തരം യാഗം. രാജരാജൻ=ചക്രവർത്തി. തിലകനെ 'തിലകമഹാരാജൻ' എന്നു വിളിയ്ക്കാറുള്ളതിനെ സ്മരിയ്ക്കുക.

Digitized By Kerala Sahitya Akademi

6. പൊൽത്തിരുമുടിചൂടാ–
    പ്പെരുമാളങ്ങനാര്യ–
മെത്തയാക്കിയ ചിത–
    ത്തട്ടിലാളിന തിയ്യം,
തദ്വിയോഗോത്താപത്താൽ
    വേകമപ്പൊത്ത്ള്ളൊരു
പുത്തനാം ഫല്ലാശോക–
    കുഞ്ജമായത്രേ തോന്നി:

7. കേസരി ചതിക്കൂട്ടിൽ–
    പ്പെട്ടുപോകില്ല,മൊരു
കേസരിതാനെന്നാര്യ–
    കേസരി ഭവാൻ കാട്ടി:

---

6. പൊൽ.......മാരം=പൊൻകിരീടം വെയ്ക്കാത്ത ചക്രവർത്തി. തദ്വിയോഗോത്താപം=അങ്ങയുടെ വേർപാടുമൂലമുണ്ടായ വലിയ ദുഃഖം, ചൂടെന്നും. ഒരു കുട്ടി ദുഃഖം പൊറാഞ്ഞയാൽ തിലകരെ ദഹിപ്പിയ്ക്കുന്ന തീയിൽ ചാടാൻ ഒരുമ്പെട്ടുവത്രേ. ആ സംഗതിയാണ് ഈ ഈരടിയിൽ സൂചിപ്പിച്ചിരിയ്ക്കുന്നത്. ഫുല്ലാശോകകുഞ്ജം=പുഷ്പിച്ച അശോകവൃക്ഷക്കാടിൽ. ആ വിയോഗോത്താപത്തിന്റെ മുമ്പിൽ ആ ചിതാഗ്നികൂടി തണുത്തുപോയി എന്നു താല്പര്യം.

7. സിംഹം 'കെണി'യിൽപ്പെട്ടുപോയി എന്നു വെച്ച്, അതിന്റെ അഭിമാനവും പൌരുഷവും കളഞ്ഞുകളിയ്ക്കാറുണ്ടോ? ആര്യകേസരി=ശ്രേഷ്ഠന്മാരിൽവെച്ച സിംഹം. കേസരി എന്ന പേരിൽ ഒരു പത്രം നടത്തുകയുണ്ടായിട്ടുണ്ട് ഇദ്ദേഹം. അത്തുര

Digitized By Kerala Sahitya Akademi

അത്തുറുങ്കിലും തവ
ജ്ഞാനമാം തങ്കപ്പക്ഷി
വിസ്തൃതാകാശത്തിൽപ്പോ-
ലവിഘ്നം വിഹരിച്ചു.

8. ഇന്ത്യതൻ മുക്തിയ്ക്കുണ്ടു-
ന്നുറപ്പുക ബന്ധാഗാരം
മന്ത്രദർശിയാമൊരു
യോഗിതൻ ഗുഹയായി!
ധർമ്മരക്ഷണോദ്യോഗ-
ദുഃഖമേ തവ സുഖ!—
മമ്മയ്ക്കായ് മരിയ്ക്കൽതാൻ
ജീവിതം തവ വിഭോ!

9. ആതങ്കലേശം കൂടാ-
താനന്ദഭരിതനാ-

ങ്കിലും........വിഹരിച്ചു—ശരീരം ബന്ധനത്തിന്റെ നിയന്ത്രണത്തിലായിരുന്നുവെങ്കിലും, അദ്ദേഹത്തിന്റെ മനസ്സോ ബുദ്ധിയോ അതിനു കീഴ്പ്പെട്ടിരുന്നില്ലെന്നർത്ഥം. ജയിലിൽവെച്ചാണ് അദ്ദേഹം 'ഗീതാരഹസ്യം' എഴുതിയതും.

8. മുക്തി=മോക്ഷം; രാഷ്ട്രീയസ്വാതന്ത്ര്യം. ബന്ധാഗാരം=ജയിൽ. മന്ത്രദർശി=മന്ത്രങ്ങളെ കണ്ടുപിടിയ്ക്കുന്നവൻ. ധർമ്മ........ദുഃഖം=ധർമ്മത്തെ രക്ഷിപ്പാനായി യത്നിയ്ക്കുമ്പോഴുണ്ടാകുന്നസങ്കടം.

9. ആനന്ദഭരിതൻ=ആനന്ദം നിറഞ്ഞവൻ. ആർഷഗാഥകൾ=ഋഷികളുടെ പാട്ടുകൾ. (ഉപനിഷത്തുകളും മററും). ബാല

Digitized By Kerala Sahitya Akademi

യാഷ്ഗാഥകൾ പാടി-
ക്കൊണ്ടു തൻതിരുമേനി,
ആലയോദ്യാനത്തിലേ-
യ്ക്കെന്നപോലത്രേ, പുന-
രാഗതിയില്ലാത്തേതോ
ദിക്കിലേയ്ക്കെഴുന്നള്ളീ!

10. അല്ലെങ്കില,വിടത്തെ-
നാട്ടിലെസ്സാമാന്യരു-
മന്തകപാശം കളി-
പ്പൊന്നുഴിഞ്ഞാലായ്ക്കാണ്മോർ!
സൽഗ്ഗുരോ, ഭവാനുടെ-
യന്തിമശ്വാസത്തിൽനി-
ന്നുൽഗമിച്ചതും ദിവ്യ-
സൂക്തിസൌരഭമല്ലോ;

11. വീർപ്പിട്ടുംമാതാവിനെ-
യപ്പോക്കിൽബ്ഭവാൻ ചൊല്ലി-

ഗംഗാധരതിലകൻെറ അന്ത്യമൊഴികൾ ഗീതോപനിഷത്തിലെ ഒരു പദ്യമായിരുന്നുവത്രേ. പുനരാഗതി=തിരിച്ചുവരവ്. അല്ലെങ്കിൽ.........കാണ്മോർ—ഇന്ത്യയിലെ ഒരു സാധാരണനുപോലും മരണം ഒരി'മ്പാച്ചി'യല്ല!

10. ദിവ്യസൂക്തിസൌരഭം=ദിവ്യമായ വാക്യത്തിൻെറ വാസന.

11. സമാശ്വസ്തർ=സമാശ്വസിച്ചവർ. കൃതാത്മാവ്=വ[illegible]ച്ചോൻ. സുനിർവ്വാണം=മോക്ഷം. ഞങ്ങളെസ്സമാശ്വസ്തരാക്കട്ടെ —

Digitized By Kerala Sahitya Akademi

ക്കേൾപ്പിച്ച 'യദാ യദാ-
ഹീ'ത്യാദിഗീതാപദ്യം
ഞങ്ങളെസ്സമാശ്വസ്ത-
രാക്കട്ടെ! കൃതാത്മാവാ-
മങ്ങയ്ക്കു സുനിർവ്വാണ!—
മങ്ങയ്ക്കു സുനിർവ്വാണം!

ഇനിയും തക്ക സമയത്ത് അങ്ങ് ഇവിടെ വന്നവതരിയ്ക്കുമെന്ന ആശ്വാസപ്രദമായ ആ 'യദായദാഹി'ത്യാദിശ്ലോകം ചൊല്ലിയിട്ടാണല്ലോ അങ്ങ് നിർവ്വാണമടഞ്ഞത്.

Digitized By Kerala Sahitya Akademi

3. ഔദ്ധ്വദൈഹികകർമ്മം

(കേക)

1. 'ഹാ, ദേശബന്ധു—മിനി
ഞ്ഞാനുരാത്രിയിൽ—'എന്തെ-
ന്തേ,തുഷസ്സെൻനാടിന്നീ-
ക്കാളരാത്രിയെപ്പോക്കും!

2. ജൂൺമാസം പതിനെട്ടാം-
തിയ്യതി വൈകുന്നേരം

ദേശബന്ധു സി. ആർ. ദാസിൻെറ നിര്യാണത്തെപ്പറ്റി: 1100 മിഥുനം.

1. എന്തെന്ത്—മരിച്ചുപോയി എന്നതിലുള്ള ആശ്ചര്യ്യസംഭ്രമാദികൾ സ്ഫുരിയ്ക്കുന്നു. എതുഷ.......പ്പോക്കും!—'മിനിഞ്ഞാനു രാത്രിയിൽ' എന്നു പറഞ്ഞതിൽനിന്നു്, ഈ സംഭവത്തിനു ശേഷം രണ്ടു പ്രഭാതം വന്നുപോയിക്കഴിഞ്ഞു എന്നു സിദ്ധം; എന്നാൽ ഈ രണ്ടു പ്രഭാതത്തിനും, നാടിനാപ്പെട്ട ആ കാളരാത്രിയെ (ദുഃഖാന്ധകാരത്തെ) നീക്കാൻ കഴിഞ്ഞിട്ടില്ല. ഈ സ്ഥിതിയ്ക്കു് നാട്ടിൻെറ ഈ ഇരുട്ടു നീക്കാൻ സാധാരണ ഉഷസ്സൊന്നും മതിയാവില്ലെന്നു കരുതേണ്ടിയിരിയ്ക്കുന്നു.

2. ഇക്കാരിരിമ്പിൻ...നിരകൾ—പത്രത്തിൻെറ നാലു വക്കത്തും ദുഃഖസൂചകമായ കറുത്ത വരയിട്ടിരുന്നതിനെ കാരിരിമ്പിൻവേലിയായി അധ്യവസായം ചെയ്തിരിയ്ക്കുന്നു. ഉഗ്രമാം............മുളച്ചുനിന്നീടുന്നു—ആ കാരിരിമ്പിൻവേലിയ്ക്കകത്തു നിരന്നുകാണായ അക്ഷരങ്ങൾ വിഷവിത്തിൻെറ മുളകളായിട്ടത്രേ തോന്നിയതു്. ഏതൊരാപത്തിൻ......

Digitized By Kerala Sahitya Akademi

ഞാൻ മമ ഗൃഹത്തിങ്കൽ
    ചിലകൂട്ടരോടൊപ്പം
നമ്മങ്ങളത്രമിത്രം
    ചൊല്ലിക്കൊണ്ടിരിയ്ക്കവേ,
ന‘മാതൃഭൂമി’യുടെയ–
    ന്നേത്തെ ലക്കം കിട്ടീ.
പൊട്ടിച്ചാനൊരാളത–
    ങ്ങു;–ണ്ടതിൻനാലരത്തും
പുഷ്ടമായ്ക്കറുത്തോരു
    നേർവര നെടുനീളെ;
മട്ടൊന്നുമാറീ ഞങ്ങടേം–
    ക്കീ; സ്വച്ഛപത്രത്തിന്നി–
നൊട്ടുദിക്കിലുമെന്തേ
    ക്രൂരിതേം ചുഴലുവാൻ?
ഇക്കാരിരിമ്പിൻവേലി–
    യ്ക്കകത്തു നിരക്കെയെ–
ന്നുഗ്രമാം വിഷവിത്തോ
    മുളച്ചുനിന്നീടുന്നു?
ഏതൊരാപത്തിൻതീയിൽ–
    നിന്നിതിൽപ്പുകകേറി?

കേറി—മേല്പറഞ്ഞ കറുത്ത വരയെ ആപത്തിന്റെ തീയിൽനിന്നു കേറിയ പുകയായി കല്പിച്ചിരിയ്ക്കുന്നു.

3. ദുഃഖവിമൂഢതയാൽ ആദ്യത്തെ വിലാപംതന്നെ ആവ ർത്തിയ്ക്കുന്നു: “ഹാ.......പ്പോക്കം!” അസിതരേഖ=കറുത്ത വര.

Digitized By Kerala Sahitya Akademi

ചേതസ്സിലിടിവാളൊ-
ന്നൊന്നിച്ചു മിന്നിപ്പാഞ്ഞു!

3. 'ഹാ ദേശബന്ധു-മിനി-
ഞ്ഞാനുരാത്രിയിൽ'-എന്നെ -
ന്തോ,ത്തുഷസ്സെൻനാടിനീ-
ക്കാളരാത്രിയെപ്പോക്കും!
എൻെറ രാജ്യത്തിൻ കെട്ട
തലയിലെഴുത്തുതാൻ
കണ്ടതാക്കടലാസ്സി-
ലസിതരേഖയ്ക്കുള്ളിൽ!
മിത്രങ്ങളിരിയ്ക്കിലും
ശൂന്യങ്ങളെൻപാർശ്വങ്ങൾ

ചിത്തരഞ്ജനനുടെ-
യത്യന്തവിയോഗത്താൽ—
ജ്യേഷ്ഠനും ചിററമ്മയും
മററുമായ്പ്പലരുള്ള
വീട്ടിലുമബന്ധു ഞാൻ
ദേശബന്ധ്വപായത്താൽ!

ആ കറുത്ത വരയ്ക്കുള്ളിൽക്കണ്ട അക്ഷരങ്ങൾ എൻെറ രാജ്യത്തിൻെറ ഭാഗ്യംകെട്ട തലയിലെഴുത്തുതന്നെ! ചിത്തരഞ്ജനൻ—ചിത്തരഞ്ജനദാസ്. ചിററമ്മ—കവിയുടെ അമ്മ 1172-ൽ മരിച്ചിരിക്കുന്നു. ദേശബന്ധ്വപായം=ദേശബന്ധുവിൻെറ മരണം.

Digitized By Kerala Sahitya Akademi

4. ഭാരതധരിത്രിത-
 നാൺകുട്ടി കഴിഞ്ഞുപോയ്—
പൌരകേസരിയേതോ
 ഗുഹയിൽ വിശ്രാന്തനായ്;
കീറലേശാത്ത മറ-
 ശ്ശീലയാൽ മൂടപ്പെട്ടു
പൌരുഷഗുണത്തിൻെറ
 പൂർണ്ണലക്ഷണരൂപം.

നരനാൽ കൃതമായ-
 നീതിതൻ സാഹായ്യത്തെ
നിരസിച്ചീ,ശൻെറതാം
 സത്യത്തെത്തുണയാക്കി,
അച്ഛൻെറ തള്ളിപ്പോയ-
 കടവും താൻനേടുത്താ-

4. ആൺകുട്ടി—ദാസിൻെറ പൌരുഷം സൂചിപ്പിയ്ക്കുന്നു. പൌരകേസരി=പൌരുഷശ്രേഷ്ഠൻ. ഗുഹയിൽ—കേസരി (സിംഹം) പ്രായേണ ഗുഹയിലാണല്ലോ കിടക്കുക. വിശ്രാന്തൻ= വിശ്രമിച്ചവൻ. ഇതും പൌരുഷസൂചകംതന്നെ. കീറലേശാത്ത.... മൂടപ്പെട്ടു—വീണ്ടും കാണാമെന്നു നാം ആശിയ്ക്കേണ്ടാ; ആ ലക്ഷണം തികഞ്ഞ പൌരുഷരൂപം എന്നെന്നേയ്ക്കുമായി മറഞ്ഞുപോയി. നരനാൽ.......നിരസിച്ച്—മനുഷ്യൻ കെട്ടിച്ചമച്ച നിയമസംഹിതയെ തള്ളിക്കളഞ്ഞ്. ഈശൻെറതാം.....തുണയാക്കി=ഈശ്വരൻെറ സത്യമാകുന്ന നിയമത്തെമാത്രം കരുത്താക്കിപ്പിടിച്ച്. അ

Digitized By Kerala Sahitya Akademi

ഷിച്ചയാ വീട്ടിക്കൊണ്ടു
 സുസ്ഥിരാരംഭൻ ഭവാൻ
അമ്മതൻ—ഭരതക്ഷ്മാ-
 ദേവിതൻ—കടം തീക്കാ-
തിമ്മട്ടിൽ വിരതനായ്-
 ത്തീൎന്നേയ്ക്കുമെന്നാരോത്തു!
ഇദ്ദൂരയാത്രയ്ക്കാണോ,
 മുക്കാലുമനാരോഗ്യ-
മുക്തനായ്ച്ചമഞ്ഞതു
 സുഖദേശാവാസത്താൽ!

5\. എന്തുവാനറിഞ്ഞിട്ടു-
 ണ്ടുപരിപ്ലവശീലർ
സിന്ധുപോലഗാധമാം
 ദാസ്സിൻെറ മഹത്ത്വത്തെ:

ച്ഛൻെറ....ഭവാൻ—സി. ആർ. ദാസിൻെറ അച്ഛൻ കടത്തിൽ മുങ്ങിപ്പോയി. എന്നാൽ, ആ കടം നിയമപ്രകാരം മകനെ സ്പർശിക്കുന്നതായിരുന്നില്ല. എന്നാലും, ദാസ് സത്യനിഷ്ഠയാൽ മുഴുവൻ വീട്ടു[illegible] കൊടുത്തതിനാൽ [illegible] പ്രശംസ [illegible] സുസ്ഥിരാരംഭൻ—സുസ്ഥിര[illegible] ആരംഭത്തോടുകൂടിയവൻ. ബാരിസ്റ്ററായിരുന്നു സ്ഥിരമായി പരിശ്രമിച്ചതിനാലാണ് [illegible] സമ്പാദിച്ച കടം മുഴുവൻ കൊടുത്തുതീർക്കാൻ സാധിച്ചത്. അമ്മതൻ...ന്നാരോത്തു!—തള്ളിപ്പോയ കടം വീട്ടിയ സി. ആർ. ദാസ് വീട്ടിയ കഴിയേണ്ട എന്നുള്ള ഭാരതഭൂമിയുടെ കടം തീക്കാതെ—സ്വാതന്ത്ര്യം നേടിവെയ്ക്കാതെ—ഇത്ര പെട്ടെന്നു

Digitized By Kerala Sahitya Akademi

ഹന്ത, വിശ്രുതനാമീ
　　വിശ്വബന്ധുവെ'ദ്ദേശ-
ബന്ധു'വെന്നല്ലോ ചൊല്ലി-
　　പ്പോന്നു നിർല്ലജ്ജം നമ്മൾ!

ക്ലിഷ്ടമാം നാടിൻ മുക്തി-
　　യ്ക്കാ മഹാനോരു ബന്ധം;
കൊട്ടാരം വെടിഞ്ഞുപോയ്-
　　ക്കുടിലിൽസ്ഥിതിചെയ്തു;
ത്യാഗത്തിൽ മഹാത്മജി-
　　യ്ക്കാരേവം പ്രിയശിഷ്യൻ?
ശ്രീഗാന്ധിയിനിയാർതൻ
　　തോളിലർപ്പിയ്ക്കും ഭാരം?

6. തൂലികേ, നില്ക്കൂ: നീയി-
　　റ്റിറ്റിയ്ക്കും കലുഷാശ്രു-
വാ ലോകാന്തരഗത-
　　നൊള്ളുനീരായിത്തീരാ;

വിരതനായിത്തീരുന്നു് (അവസാനിപ്പിച്ചുപോകുമെന്നു്) ആരാണു് കരുതിയതു്? ഇദ്ദൂര....വാസത്താൽ!—സുഖദേശത്തു താമസിച്ചു് ആരോഗ്യം വീണ്ടെടുത്തതു്, ഒരിക്കലും മടങ്ങിവരാത്ത ഈ ദൂരയാത്രയ്ക്കു് വേണ്ടിയാണോ? മരിക്കുന്നതിനുമുമ്പു കുറെ നാൾ ഇദ്ദേഹം ഒരു സുഖപ്രദേശത്തുപോയി താമസിക്കുകയുണ്ടായി.

5. ഉപരിപ്ലവശീലർ—മുകളിലൂടെമാത്രം നീന്താൻ ശീലിച്ചിട്ടുള്ളവർ (കാര്യത്തിന്റെ അടിത്തട്ടിലേയ്ക്കു് ചെല്ലാത്തവർ) ഹന്ത....നമ്മൾ—സി. ആർ. ദാസ് വാസ്തവത്തിൽ ലോകത്തി

Digitized By Kerala Sahitya Akademi

എന്തിനായ്സ്സർവ്വസ്വവും
ത്യജിച്ചു, ബങ്കാളിന്നു
പൊൻതിരുമുടിച്ചൂടാ-
പ്പെരുമാളാമിദ്ദേഹം,
നാട്ടിനാ സ്വാതന്ത്ര്യത്തെ
പ്രതിഷ്ഠിയ്ക്കുകയാണീ,
ശ്രേഷ്ഠന്നു നാം ചെയ്യേണ്ടു-
മൌർദ്ധ്വദൈഹികകർമ്മം!

ൻ്റെ മുഴുവനുംതന്നെ ബന്ധുവായിരുന്നു; ലോകത്തിലെങ്ങും സമത്വസാഹോദര്യങ്ങളെ പരന്നുകാണാനിച്ഛിച്ചിരുന്ന ഒരാളായിരുന്നു. എന്നിട്ടും അദ്ദേഹത്തെ ദേശബന്ധു എന്ന സങ്കുചിതബിരുദത്താൽ വിളിയ്ക്കുവാൻ നമുക്കു ലജ്ജ തോന്നിയില്ല! ക്ലിഷ്ടം=ക്ലേശിച്ചതു്.

6. കലുഷാശ്രു=കലുഷമായ (കലങ്ങിയ) കണ്ണീർ. തുലികേ.... ത്തീരാ—പേനയിൽനിന്നു വീഴുന്ന മഷിയെ കലുഷാശ്രുവായിക്കല്പിച്ചിരിയ്ക്കുന്നു. ലോകാന്തരഗതൻ=പരലോകത്തേയ്ക്കു പോയവൻ. എള്ളുനീരായിത്തീരാ=തിലോദകമായിത്തീരുകയില്ല. മരിച്ചവരെ ച്ചൊല്ലിക്കരയുന്നതു് അവരുടെ ഊർദ്ധ്വഗതിയ്ക്കു് തടസ്സമാണെന്നു് ഒരു വിശ്വാസമുണ്ടു്; എന്നല്ല ഈ കണ്ണീർ അദ്ദേഹം തുടങ്ങിവെച്ച സൽക്കർമ്മം മുഴമിയ്ക്കാനുമുതകില്ലല്ലോ. പൊൽത്തിരു........പ്പെരുമാ—ബങ്കാളിലെ കിരീടം വെയ്ക്കാത്ത രാജാവായിരുന്നു അദ്ദേഹം. ത്യാഗശനായ അദ്ദേഹം യാതൊന്നിന്നുവേണ്ടിയാണോ സർവ്വവും ത്യജിച്ചു പ്രയത്നം ചെയ്തുപോന്നതു്, ആ സ്വാതന്ത്ര്യത്തെ നാട്ടിൽ പ്രതിഷ്ഠിയ്ക്കുകയാണു് അദ്ദേഹത്തിന്നു നാം ചെയ്യേണ്ടുന്ന ഔർദ്ധ്വദൈഹികകർമ്മം (ശ്രാദ്ധക്രിയ.)

Digitized By Kerala Sahitya Akademi

4. ആരറിഞ്ഞു?

1. ഹാ, തികഞ്ഞുകഴിഞ്ഞു സഗർഭ്യരേ,
മാതൃഭൂവിനു ദുർദ്ദശ മിക്കതും:
നീതിപാലനാം ഗാന്ധിമഹാത്മാവിൻ
പാതിമെയ്യതാ, പ്രാണനെക്കൈവിട്ടു!
ബ്രഹ്മചാരിണി ഗേഹിനീതപത്തിലും,
കർമ്മകാരിണി നിസ്പൃഹാതപത്തിലും,
ധർമ്മവർദ്ധിനി ദാരുണാപത്തിലും—
തന്മണാളന്നാശ്രുപദയെന്തിലും;
അമ്മഹതി മൃതിപ്പെട്ടുപോകയാ-
ലമ്മയില്ലാത്ത കുഞ്ഞുങ്ങളായി നാം!
കാന്ത കസ്തൂരിബായിയും നായകൻ
ഗാന്ധിയും വേളിനാൾതൊട്ടിതേവരെ
ശാന്തിയും കർമ്മയോഗവും ചേർന്നതിൻ
കാന്തിയല്ലോ, ജനങ്ങളെക്കാണിച്ചു!
ഹന്തിതിൽപ്പരം വല്ലായ്മ? നാട്ടിന്റെ
ബന്ധപാശമഴിച്ചുതീർക്കുന്നതിൽ

കസ്തൂരിബായുടെ ചരമത്തെപ്പറ്റി: 1119 കുംഭം.

1. സഗർഭ്യൻ=സഹോദരൻ. പാതിമെയ്യ്—ഭാര്യ ഭർത്താവിന്റെ പാതിമെയ്യാണെന്നു വേദപ്രസിദ്ധം. ബ്രഹ്മ..... .....ദാരുണാപത്തിലും—കസ്തൂർബാ ഗൃഹിണിയായിട്ടും ബ്രഹ്മചാരിണിയായിരുന്നു; ഭയങ്കരമായ ആപത്തു വന്നാൽക്കൂടിയും ധർമ്മത്തെ വർദ്ധിപ്പിക്കുന്നവളായിരുന്നു. ശാന്തിയും കർമ്മയോഗവും—കസ്തൂർബായുടെയും ഗാന്ധിജിയുടെയും ചേർച്ച, ശാന്തിയും കർ

Digitized By Kerala Sahitya Akademi

നൊന്തു കൈകൾ കഴച്ച മനസ്വിനി–
യ്ക്കന്തിമശയ്യ കാരാഗൃഹത്തിലായ്!
എങ്കിലെന്തുരുസ്നേഹനാം സ്വാമിത–
ന്നങ്കസീമനി പള്ളികൊണ്ടല്ലയോ,
തങ്കലെത്തിയ മൃത്യുവെക്കൈക്കൊണ്ടു
പെൺകുലത്തിനിതെത്ര മഹാഭാഗ്യം!
കുങ്കുമക്കുറിയുണ്ടു നെറ്റിമേൽ,–
ത്തൻകുലീനമുഖത്തുണ്ടു പുഞ്ചിരി;
കൺകൾ ചിമ്മിയുറങ്ങിക്കിടക്കയാ–
ണെൻഗുരുപത്നി; തത്തോഴിയാൾ മൃതി!

2. വെൺതെളിഖദർസ്സാരി ധരിച്ചതാം
തൻതിരുമെയ്യിൽ മഞ്ഞപ്പൂതപ്പുമേൽ
ചിന്തിമൂടിക്കിടന്നവ പൂക്കളോ–
ല്ലി,ന്ത്യതൻ ചുടുകണ്ണീർക്കണങ്ങളാം!
നിഷ്കളങ്കമാം ഭാരതസ്ത്രീത്വത്തിൻ
ത്തിലകലേഖയാമാ ഹൃദയത്തിൽ
പട്ടടയിലെത്തിക്കൊള്ളിയപ്പിയ്ക്ക–
പ്പെട്ടനേരത്തു—ഗോവിന്ദ, ഗോവിന്ദ,—

യോഗവും കൂടിച്ചേർന്നതുപോലെയായിരുന്നു. എന്തിതിൽ.....കാരാഗൃഹത്തിലായ്—രാജ്യത്തെ ബന്ധനത്തിൽനിന്നു വിടുവിപ്പാൻ ശ്രമിച്ചുപോന്ന മനസ്വിനിയുടെ മരണം ബന്ധനാലയത്തിൽവെച്ചായി! പെൺകുല.......ഭാഗ്യം—സ്ത്രീകൾക്കു ഭർത്താവിന്റെ മടിയിൽക്കിടന്നു മരിക്കുന്നതിനേക്കാൾ വലിയ ഭാഗ്യം മറ്റൊന്നില്ല.

Digitized By Kerala Sahitya Akademi

മുപ്പതിൽപ്പുറം വർഷമായ്പ്പതിയോ-
ടൊപ്പമേ ബ്രഹ്മചര്യമഹാവ്രതം
അപ്രകമ്പമനുഷ്ഠിച്ച ദാന്തനാ-
മല്പധൈര്യനായ്ക്കണ്ണു തുടച്ചുപോൽ!
അത്തലേ, നില്ക്കൂ: രാക്കുരിരുട്ടിനാൽ
ഗ്രസ്തനായ്ത്തീർന്ന നമ്മുടെ മാർത്താണ്ഡൻ
നിത്യയാകമുഷസ്സോടുകൂടാതെ
പ്രത്യുദിക്കേണമെന്നാം വിധിമതം!

3. ചൊല്ലുമാറുണ്ടെ,ഴുത്തറിവില്ല തൻ-
വല്ലഭയ്ക്കെന്നു ഗാന്ധിജി,യെങ്കിലും
കല്യയാമിക്കുടുംബിനി വായിക്കാ-
തില്ലൊരക്ഷരം കർമ്മകാണ്ഡങ്ങളിൽ:
പട്ടണത്തിലും, ഗ്രാമത്തിലു,മിടം-
പെട്ട മേടപ്പുറത്തും; തുറസ്സിലും

ഗാന്ധിജിയുടെ മടിയിൽക്കിടന്നാണല്ലോ, കസ്തൂരിബാ മൃതിയടഞ്ഞത്. തത്തോഴിയാം മൃതി—മൃതിയെ ഒരു സഖിയെ എന്നപോലെ അവർ സസന്തോഷം കൈക്കൊണ്ടു.

3. കസ്തൂരിബായിയുടെ ശവമഞ്ചത്തിന്മേൽ പൂക്കൾ വിതറിയിരുന്നു. അതു കണ്ടാൽ ഇന്ത്യയ്ക്ക്, തന്നെ വളരെക്കാലം ശുശ്രൂഷിച്ചുപോന്ന ഒരുമഹസ്സന്താനത്തിന്റെ വിയോഗത്തിൽ മനം ചുട്ടു പുറപ്പെട്ട കണ്ണീരിന്റെ കണങ്ങളാണെന്നു തോന്നും! അപ്രകമ്പം=ചാഞ്ചല്യംകൂടാതെ. ദാന്തൻ=ജിതേന്ദ്രിയൻ. കസ്തൂർബായുടെ പട്ടടയിൽ തീക്കൊളുത്തിവെച്ച സമയത്തു ഗാന്ധിജി ധൈര്യമിടിഞ്ഞു കണ്ണു തുടച്ചുപോയി! ആളുകൾ ഗോവിന്ദ, ഗോവിന്ദ എ

Digitized By Kerala Sahitya Akademi

മട്ടമാറാതെ പിന്തുടർന്നാളല്ലോ,
ദൃഷ്ടദൃശ്യനാം നാഥനെയിസ്സാധ്വി.
സീത, സാവിത്രി, ഭൈമിമുമ്പാകിയ
ഭൂതകാലികഭാമിനീരത്നങ്ങൾ
ആധുനികർക്കു കാണായിവന്നിതീ-
സ്സാധുവൃത്തയാമേകപുരന്ധ്രിയിൽ!

4. എന്തിനേറെ? സ്വഭർത്തൃശുശ്രൂഷയിൽ-
സ്സന്തതാദരയാമിവൾക്കു പലവട്ടം
ബന്ധവേശ്മവും ബന്ധുവീടായിതോ,
വൻതുറുങ്കുമരമനയായിതോ,

നുകരിച്ചു. രാജ്ഞരിരു........മാർത്താണ്ഡൻ—ബന്ധനസ്ഥനായ ഗാന്ധിജി. പത്നിയോടുകൂടാതെ വേണം ഗാന്ധിജി കാരാഗൃഹത്തിൽനിന്നു പുറത്തേക്കു തിരിച്ചുവരിക എന്നായിരിക്കാം വിധികല്പിതം. കല്യയാ....കാണ്ഡങ്ങളിൽ—കസ്തൂർബാ ഒരൊന്നാന്തരം കർമ്മയോഗിനിയായിരുന്നു എന്നു താൽപര്യം. മട്ടമാറാതെ=ഭാവഭേദംകൂടാതെ. നഷ്ടമോഹൻ=മോഹം(അജ്ഞാനം;—ഭേദബുദ്ധിയും മറവും) നശിച്ചവൻ. സൌഖ്യമനുഭവിക്കുമ്പോഴും ആ മാറതിന്നു യാതൊരു ഭാവഭേദവുമുണ്ടായിരുന്നില്ല. സീത........പുരന്ധ്രിയിൽ—സീതാദിഭൂതകാലസ്ത്രീരത്നങ്ങളുടെയെല്ലാം ഗുണങ്ങൾ കസ്തൂരിബായിൽ കാണപ്പെട്ടിരുന്നു.

4. ബന്ധവേശ്മം=കാരാഗൃഹം. സ്വഭർത്തൃ..........യാമീ ദതാ—തന്റെ ഭർത്താവിനെ ശുശ്രൂഷിക്കുവാൻ തരപ്പെട്ടിരുന്നതൊന്നു ഏകകാരണംകൊണ്ടുതന്നെ, കാരാഗൃഹം അവൾക്കു ബന്ധുഗൃഹം പോലെയായിത്തീർന്നു; അരമനയായിത്തീർന്നു; ആഗാഖാൻ കൊട്ടാരമായിരുന്നുവല്ലോ അവർക്കിപ്പോഴത്തെ കാരാഗൃഹം. അന്നനോളുണ്ടാവു

Digitized By Kerala Sahitya Akademi

അമ്മമനോഗ്രഹണാവൃദ്ധയെ—പിൻപുക്ക
കർമ്മശ്രദ്ധയാം കസ്തൂരിബായിയെ—
ഉന്മുഖം ലോകമെന്നെന്നു ദർശിയ്ക്കി,—
ല്ലംബരത്തിലരുന്ധതീജ്യോതിസ്സിൽ?

5. ആരറിഞ്ഞു: ദുരന്തമായ് ബാധിച്ച
പാരതന്ത്ര്യത്തെ നീക്കുവാനി,ങ്ങിനെ
യെത്രയെത്ര സുഖജീവിതത്താൽ ബലി-
കൃത്യമാചരിയ്ക്കേണമെൻ നാടേ, നീ?
ഭാരതോർവ്വിയാം പൂർവ്വസഖിയോടു
ചേരുവാനൊരാളും സ്വതന്ത്രതേ,
ധീരയാം നീ തിരിച്ചുവരേണ്ടതി,—
ക്കാരിരിമ്പഴിമദ്ധ്യത്തിലൂടെയോ?

ഭയെ—മനോഗ്രഹണംകൊണ്ടു മാത്രമേ വൃദ്ധയായിരുന്നുള്ളവെന്നു വ്യംഗ്യം. ഉന്മുഖം......ജ്യോതിസ്സിൽ—ചാരിത്രഗുണത്തിൽ സുപ്രസിദ്ധയായ അരുന്ധതിയ്ക്കു തുല്യയാണ് കസ്തൂർബാ എന്നു സാരം.

5. ആരറിഞ്ഞു—നാടിനെ ആപൽക്കരമാംവണ്ണം ബാധിച്ച പാരതന്ത്ര്യത്തെ അകററാനായി ഇങ്ങിനെ എത്ര സുജീവിതങ്ങളെ ബലികഴിയ്ക്കേണ്ടിവരും? ഭാരതോർവ്വിയാം പൂർവ്വസഖി—സ്വതന്ത്രത ഭാരതോർവ്വിയുടെ പൂർവ്വസഖിയായിരുന്നുവല്ലോ. ധീരയാം......ലൂടെയോ—ധീരയായ നീ ഭാരതത്തിലേയ്ക്കു തിരിച്ചു വരേണ്ടതു കാരിരിമ്പഴികളുടെ ഇടയിലൂടെ—തുറുങ്കിലൂടെ—യാണോ? അങ്ങിനെയാണെങ്കിൽക്കൂടി നീ തിരിച്ചു വരാതിരിയ്ക്കില്ലെന്നു ധീര എന്ന പദം സൂചിപ്പിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

5 കേരളവർമ്മദേവൻ

ത്തുകട്ടേ കനൽമാരിയെങ്ങു! -മേഗാവാ
ബ്രഹ്മാണ്ഡഭാണ്ഡം തക-
ർന്നാകപ്പാടെയുതിർന്നിടട്ടെ! ചെറുതി-
ല്ലിങ്ങൊന്നുകൊണ്ടും ഭയം:
ഹാ! കല്യാണഗുണാബ്ധി കേരളനൃപൻ
തീപ്പെട്ടതിൽപ്പെട്ടൊരീ-
ശ്ശോകം താങ്ങിയ ഞങ്ങളെ,ന്തൊരു വിപ-
ത്തോടിനി മല്ലിട്ടിടാ? 1

പാലാട്ടും 'നീളെ നല്കി' സമമുലകിതിനാർ,
'കന്നി'വെൺതിങ്കൾ ഭംഗ-
ത്താലാ'റ്റി'ത്തിയുതിന്നൊത്തഴലിലെരിയുമാ-
റത്ര മിന്നും യശസ്സാൽ;

കേരളവർമ്മ കോയിത്തമ്പുരാന്റെ നിര്യാണത്തെപ്പററി:
1090 തുലാം.

1. കേരളവർമ്മ കോയിത്തമ്പുരാൻ അന്തരിച്ച ശോകം താങ്ങാൻ കഴിഞ്ഞ ഞങ്ങൾക്ക് ഇനി സഹിക്കവയ്യാത്ത ശോകമൊന്നുമില്ലെന്നു താൽപര്യം.

2. കന്നിവെൺതിങ്കൾ തോൽവിമൂലം ആറാത്ത തീയിന്നൊത്ത അഴലിലെരിയുംമാറ് അത്രമേൽ മിന്നുന്ന യശസ്സുകൊണ്ട് ആർ ഈ ലോകത്തെ മുഴുവനും ഒരുപോലെ പാലാടിച്ചുവോ, ശ്രീലാഞ്ഛനായ (ശ്രീമാനായ) ആ കവിരാജൻ മരണത്തിന്റെ ക

Digitized By Kerala Sahitya Akademi

ശ്രീലാത്മാവാക്കവികിസ്മാപതി മൃതിവശനായ്-
ത്തീൎന്നു; ഹാ! നീക്കപോക്ക-
ല്ലോലാധിയ്ക്കില്ല; ദുഷ്ടൻ 'കലി' സുകൃതിജനാ-
പേതമാക്കുന്നു രാജ്യം. 2

മൂലക്ഷ്മാപന്ന മുഖ്യബന്ധു, മഹിതാ-
ത്മാവായ മാടക്ഷമാ-
പാലനിഷ്ടസുഹൃത്തു, പപ്പുധരണി-
യ്ക്കീശാനനിത്തമ്പുരാൻ—
ലോലം സംസൃതിധൎമ്മമെത്ര ലഘു!—വേ-
താന്നും നിമേഷാന്തര-
ത്താലയ്യോ! കഥയായിതൊക്കെ; മലയാം
നാടേ, മഹാപാപി നീ. 3

യ്യിൽപ്പെട്ടപ്പോയി! ഉല്ലോലാധി=വദ്ധിച്ച വ്യസനം. സുകൃതിജ നാപേതം=സുകൃതിജനങ്ങളില്ലാത്തത്. സമശബ്ദം പരൽപ്പേരിൽ നീളെ നല്കീ (1090-ാം) സംവത്സരത്തെ കാണിയ്ക്കുന്നു; തിങ്കൾ മാസത്തേയും. 'ലോലാധിയ്ക്കില്ല ദുഷ്ടൻ' (1831933) കലിസംഖ്യ.

3. മൂലക്ഷ്മാപൻ=ശ്രീമൂലം തിരുനാൾ തിരുവിതാംകൂർ മഹാരാജാവ്. മാടക്ഷമാപാലൻ. കൊച്ചിമഹാരാജാവ്. പപ്പു ധരണി=പരപ്പനാട്. ലോലം=അസ്ഥിരം. സംസൃതിധൎമ്മം=സം സാരധൎമ്മം. തിരുവിതാംകൂർ—കൊച്ചി—മലബാറുകളാകുന്ന മൂന്നു സംസ്ഥാനങ്ങൾക്കും ആപത്തുപററി എന്നു വിശേഷണങ്ങളാൽ ദ്യോതിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

അറുപതുമൊമ്പതും തിരുവയസ്സിഹ ചെല്ലുകിലും
നറുമലർമെയ്ക്കഴുത്തു യുവത്വമിരിയ്ക്കെ,യിതാ,
ചെറുതിടയാലകാലമൃതിബാധിതനായ്, ബത! പാ-
രറുതിവരെയ്ക്കുമിങ്ങരുളിടേണ്ടുമുദാരപുമാൻ. 4

നാനാസൽബിരുദാഖ്യരത്നകനക-
ച്ചെപ്പേ! കലാമണ്ഡല-
ജ്ഞാനാസ്വാദ്യഫലം വിളഞ്ഞ നിലമേ!
സൌജന്യസമ്പന്നിധേ!
ദീനാമർത്ത്യതരോ! ഭവാനെ മറുപാ-
രെത്തിച്ചു, കാരുണ്യമ-
റേറാനാം ദുർവ്വിധി കഷ്ടമക്കി മലയാ-
ളത്തിന്റെ സർവ്വസ്വവും! 5

---

4. അറുപത്തൊമ്പതു വയസ്സിലും കോയിത്തമ്പുരാന്നു യുവത്വതുല്യമായ ദേഹബലമുണ്ടായിരുന്നു: അതിനാൽ അവിടത്തെ മരണം ഒരകാലമരണംതന്നെ!

5. നാനാ.......ച്ചെപ്പേ=പലതരം സൽബിരുദങ്ങളാകുന്ന രത്നങ്ങൾ വെച്ചിരിയ്ക്കുന്ന കനകച്ചെപ്പേ. കലാമണ്ഡല....ഫലം= കലാസമൂഹജ്ഞാനത്തിന്റെ ആസ്വാദ്യമായ (സ്വാദുള്ള) ഫലം. സാഹിത്യത്തിലെന്നപോലെ, സംഗീതം ചിത്രമെഴുത്തു മുതലായ കലകളിലും കോയിത്തമ്പുരാന്നു പരിജ്ഞാനമുണ്ടായിരുന്നു. ദീനാമർത്ത്യതരു=ദരിദ്രക്കു കല്പവൃക്ഷം. സർവ്വസ്വവും—രത്നപ്പെട്ടിയും നിലവും ഈട്ടുവെപ്പും തോട്ടവുമൊക്കെ.

Digitized By Kerala Sahitya Akademi

കാലം ചക്രസമം സദാ തിരികയാ–
ണീ;–ലോകമെല്ലാം ക്രമാ–
ലാലംബിയ്ക്കു,മതിൻെറ പൂവ്വസ്ഥിതിയെ–
ത്താനെ,ന്നു കാണിച്ചി,താ,
മാലംഭോധിയിലാണ്ടിടുന്നു ഹഹ! പ–
ണ്ടാബ്ഭൂർഗ്ഗവൻതൻ ബലാ–
ത്താലംഭോധിയിൽനിന്നുയൎന്ന മലയാ–
ളോവ്വീതലം വീണ്ടുമേ. 6

പുത്തൻമിന്നൽപ്രദീപത്തിനുമകലെ നിറു–
ത്താവതല്ലാത്തിരുട്ടും;
സത്തക്കിന്നോ,രു സിദ്ധൌഷധിയെയുമതിലം–
ഘിയ്ക്കുമത്യുഗ്രനോവും,
അത്തത്വജ്ഞാനമെന്നുള്ളതിനുമടിപെടാ–
ത്തത്ര വമ്പിച്ച മാല്യം
ചിത്തത്തിൽച്ചിന്നിടുന്നൂ, ശിവ! ശിവ! ഗതിയെ–
ന്തുള്ളൂ? കാലം കരാളം. 7

---

6. കേരളം സമുദ്രത്തിൽനിന്നുളവായതാണല്ലോ. അതിതാ, വീണ്ടും ദുഃഖസമുദ്രത്തിൽ ആണ്ടുപോകുന്നു. കാലത്തിൻെറ അവിരതമായ തിരിച്ചലിൽ ലോകം വീണ്ടും അതിൻെറ പൂവ്വസ്ഥിതിയെ പ്രാപിയ്ക്കുമെന്നു് ഈ ദശാവിശേഷം കാണിയ്ക്കുന്നു.

7. പുത്തൻ........മിരുട്ടും=വൈദ്യുതദീപത്തിനുകൂടി അകററാൻ കഴിയാത്തത്ര കനത്ത ഇരുട്ടു്. അത്തത്വ....മാല്യം—ലോകത്തിൻെറ ക്ഷണികത്വത്തെക്കുറിച്ചു് ആലോചിച്ചു ശമിപ്പിയ്ക്കാവതല്ലാത്ത ദുഃഖം.

Digitized By Kerala Sahitya Akademi

നന്നാകേണ്ടതു നാമമല്ല, ജനനം
താനാണു; നാനാവിപ-
ത്തൊന്നായുന്നിടതിങ്ങുമാണ്ടിതിനു പേ-
രാ‘നന്ദ’മെന്നാണുപോൽ!
എന്നാൽ നീ, പുതുവർഷമേ, പുതിയതാ-
യെന്നും ജ്വലിയ്ക്കുന്ന മാ-
ലിന്നാട്ടാർക്കു പിണയ്ക്കയാൽ തവ ലസി-
പ്പോ‘ന്നാധിനിത്യാ’ഖ്യതാൻ! 8

ശ്രീമ‘ദ്വ്യാഘ്രപുരേ’ശനെത്തൊഴുത‘രി-
പ്പാട്ടെ’ത്തി, ‘മോട്ടോറി’ലാ-
ണ്ടാ മനോർമണി പന്നഗേശ്വരപുരി-
യ്ക്കായ്ത്താനെഴുന്നള്ളവേ—
ഹാ! മറ്റെന്തു? നിജപ്രമാദഫലമാ-
യിട്ടുന്നിവാരാമയ-
സ്തോമം; ഭൂമി, സഹിച്ചുകൊൾക ചെരിയു-
ന്നാ വണ്ടി നിർത്താഞ്ഞ നീ!! 9

---

8. ‘ആനന്ദം’—ആ വർഷത്തിന്റെ ജ്യൌതിഷികനാമം. പേരിനാണ് [illegible] ഫലം ഉണ്ടിരാ ദുഃഖദായകമാകുമായിരുന്നില്ലല്ലോ. ‘ആധിനിത്യം’—മറ്റൊരു ജ്യൌതിഷികവർഷനാമം.

9. വ്യാഘ്രപുരേശൻ വൈക്കത്തപ്പൻ. പന്നഗേശ്വരപുരി=തിരുവനന്തപുരം. നിജപ്രമാദഫലം=സ്വന്തം തെറ്റിന്റെ ഫലം. ദുന്നിവാരാമയസ്തോമം=തടുക്കവയ്യാത്ത ആപത്തുകളുടെ കൂട്ടം. മോട്ടോർകാർ മറിഞ്ഞിട്ടാണ് കോയിത്തമ്പുരാൻ മരണമടഞ്ഞത്.

Digitized By Kerala Sahitya Akademi

ദ്രുതശകടവും, ദൈവം താനും ചെരിഞ്ഞതുമൂലം,മാ
വിതതഹൃദയനോറ്റൊരത്യല്പമാം ഹൃദയക്ഷതം;
കൃതഭരസരം വൈദ്യന്മാരാൽ ചികിത്സിതമാകിലും,
ബത!സഹൃദയർക്കെല്ലാം നില്ലാത്ത നോവിനുഹേതുവായ്.

ക്ഷേമോപായോന്നതിയ്ക്കായ്, പ്രകൃതിയുടെ രഹ–
സ്യങ്ങൾ കണ്ടെത്തി;യെന്തെ–
ല്ലാമോ സൂത്രങ്ങൾ തീർത്തിതു നരരു;തു സൂ–
ക്ഷ്മത്തിലാപത്തിനത്രേ;
ആ മോട്ടോർവണ്ടിയൊന്നിൻവഴുതലൊരുതൊടി–
യ്ക്കത്രലക്ഷം ജനത്തെ–
ബ്ഭീമോത്താപാത്യഗാധക്കുഴിയിലടിപിഴ–
പ്പിച്ചു വീഴിച്ചു കഷ്ടം! 11

സൌകര്യാമൃതലുബ്ധരീ പ്രകൃതിശാ–
സ്ത്രാംഭോധിയെപ്പൌരുഷോ–
ദ്രേകം പൂണ്ടു കടഞ്ഞിട്ടമ്പൊഴുളവായ്–
ക്കാണുന്ന കാകോളകം

---

10. വിതതഹൃദയൻ=വിശാലമനസ്സ്. കൃതഭരസരം=വേഗത്തിൽ വരുത്തിയവർ.

11. ക്ഷേമോപായോന്നതി=ക്ഷേമത്തിനുള്ള ഉപായങ്ങളുടെ ഉന്നതി (അഭിവൃദ്ധി). ഭീമോത്താപാത്യഗാധക്കുഴി=ഭീമമായ ഉത്താപ(കഷ്ടം ദുഃഖ)ത്തിന്റെ അത്യഗാധമായ കുഴി.

12. സൌകര്യാമൃതലുബ്ധർ = സൌകര്യമാകുന്ന അമൃതിൽ കൊതി പൂണ്ടവർ. പ്രകൃതിശാസ്ത്രാംഭോധി=പ്രകൃതിശാസ്ത്രമാകുന്ന

Digitized By Kerala Sahitya Akademi

ഹാ! കണ്ണത്തിലമത്ത്വവാൻ പണി മഹാ–
ദേവനുമെന്നോ! ജഗ–
ത്താകപ്പാടെയെരിഞ്ഞുപോംപടി,യിതാ,
പാളുന്നു തജ്ജ്വാലകൾ!! 12

എന്നാൽ വൈദ്യുതയന്ത്രസംഘടിതമാ–
ത്തേരെങ്ങ്? കണ്ടെച്ചിലും
തിന്നാതേതാടിയലഞ്ഞിടും ശ്വാക്കളൊ–
ങ്ങോ?–നയ്ക്കു പേനെന്തുവാൻ?
ഇന്നാരിക്കഥ വിശ്വസിയ്ക്കു!–മഘവാ,
ഹിംസയ്ക്കു ഭാവിയ്ക്കിലെ–
ന്തൊന്നാണായുധമായിടാത്തതു നിന–
ക്കുദ്ദാമദുദൈവമേ? 13

കൂട്ടക്കന്നെ രസിച്ചിരുന്ന ചില പാ,–
ട്ടാട്ടം, കിളിക്കൊഞ്ചൽ,· നാ–
ല്ലോട്ടന്തുള്ളലുമായ്ക്കളിച്ചുകഴിയു–
ന്നിക്കൈരളിക്കുഞ്ഞിനെ

കടൽ. പൌരുഷോദ്രേകം=പൌരുഷാധിക്യം. തജ്ജ്വാലകൾ= ആ വിമാനത്തിൻെറ ജ്വാലകൾ.

13. വൈദ്യുതയന്ത്രസംഘടിതം = വൈദ്യുതയന്ത്രം ഘടിപ്പിച്ചിട്ടുള്ളത്. ഉദ്ദാമദുദൈവം=തടവില്ലാത്ത ദൌർഭാഗ്യം. ഉദ്ദാമം=തഴുതു നീങ്ങിയത്.

14 കോയിത്തമ്പുരാൻെറ കാലം ഭാഷാസാഹിത്യത്തിൽ ഒരു ദശാഘട്ടത്തെ കുറിയ്ക്കുന്നതാണല്ലോ. ഇംഗ്ലീഷുഭാഷാഭിജ്ഞ

Digitized By Kerala Sahitya Akademi

കോട്ടംവിട്ടു പരിഷ്കൃതസ്ഥിതിധരി-
പ്പിച്ചേ,റെ ലാളിച്ചു, മേൽ-
നോട്ടംവെച്ചു വളർത്ത വന്ദ്യഗുരു—ഹാ!
നാമെത്ര നിർഭാഗ്യരായ്! 14

ശ്രീവഞ്ചീശപരിമാർകളും, കൈരളിയിവ-
ക്കയ്യോ! വളർത്തച്ഛനും,
ഭാവജ്ഞസ്തുതരാജരാജസുകവി-
യ്ക്കാചാര്യനമ്മാമനും,
ആ വന്ദ്യാദ്ര്യധീശനഗ്ര്യസഖനും,
നമ്മൾക്കു നേതാവു—മെ-
ന്തീവണ്ണം പെരുതോതിയിട്ടോ?-രടികൊ-
ണ്ടെല്ലാം തകർത്തു വിധി! 15

അപ്പാണ്ഡിത്യവിശേഷ,മാ വിനയമാ-
ഗ്ഗാംഭീര്യ,മാദൈര്യ,മാ-
ത്തൃപ്പാദാശ്രിതവത്സലത്വമികവും,
ലോകോപകാരവ്രതം,
അപ്പാരായണയോഗ്യസൽക്കവന,മാ-
ദ്ദാക്ഷിണ്യ,മാസ്സൗഹൃദം—

നായ കോയിത്തമ്പുരാനാണ് മലയാളസാഹിത്യത്തെ പാശ്ചാത്യ-ചിന്താഗതിയുമായി ഒന്നാമതായി അടുപ്പിയ്ക്കാൻ ശ്രമിച്ചിട്ടുള്ളത്.

15. ഭാവജ്ഞസ്തുതരാജരാജസുകവി—രാജരാജവർമ്മ. വന്ദ്യാദ്ര്യധീശൻ=വന്ദ്യനായ കുന്നലക്കോൻ (ഏട്ടൻതമ്പുരാൻ സാമൂതിരി).

Digitized By Kerala Sahitya Akademi

പപ്പ്വാധിശ, ഭവൽഗുണങ്ങളിൽ, മാ–
ന്നേയ്ക്കാവതെന്തെന്തുവാൻ? 16

ഭ്രാതാവാ'പ്പുതുവാഗ്ഭടൻ' ഗൃഹിണിയാ
ശ്രീ'ലക്ഷ്മി'; ശിഷ്യൻ മഹാ–
ധീതാവും 'മലയാളപാണിനി'; കൃതിച്ചാ–
ത്തോ 'മയൂരാ'ദികം;
മാതാവാമവനിയ്ക്കുമാനമരുളും
സ്വച്ഛച്ചരിത്രത്തിലൊ–
ന്നേതാണ,ത്യധികം മഹത്തമിയലാ–
ത്തദ്ധ്യായ,മസ്മൽപ്രഭോ? 17

നഹി തവ സമൻ; നവ്യശ്രീകാളിദാസ, ഭവാൻ്റയാ–
സ്സഹിതകവിതാവൈദുഷ്യോദിതമായ യശോഭരം

16. പാരായണയോഗ്യസൽക്കവനം=വായിയ്ക്കാൻ യോഗ്യമായ നല്ല കവിത.

17. ഭ്രാതാവപ്പുതുവാഗ്ഭടൻ=ജ്യേഷ്ഠനായ രാജരാജവർമ്മകോയിത്തമ്പുരാൻ. വാഗ്ഭടൻ—അഷ്ടാംഗഹൃദയകർത്താവ്. രാജരാജവർമ്മ കോയിത്തമ്പുരാൻ ഒരു വൈദ്യശാസ്ത്രവിദഗ്ദ്ധനായിരുന്നു. 'ലക്ഷ്മി'—റാണി ലക്ഷ്മീഭായി. (കേരളവർമ്മയുടെ സഹധർമ്മിണി). 'മയൂരാ'ദികം—മയൂരസന്ദേശം തുടങ്ങിയ കൃതികൾ. മാതാവാമവനിയ്ക്കു മാനമരുളും— ജന്മദേശമായ ജനനിയ്ക്ക് അഭിമാനമേകുന്ന.

18. നഹി തവ സമൻ=അങ്ങേയ്ക്കു തുല്യൻ ഇല്ല. സഹിതകവിതാവൈദുഷ്യോദിതം=സഹിതമായ കവിതാവൈദുഷ്യത്തിൽ

Digitized By Kerala Sahitya Akademi

വിഹിതവിഭവം വെള്ളക്കാർ വാണിടുന്നവിടത്തിലും
മഹിതനിലപൂണ്ടല്ലോ മിന്നനു മഞ്ഞെതിർവെണ്മയിൽ.

പോലേ, കൈരളി, ഗാഢവത്സലത പൂ-
ണ്ടെല്ലായ്പ്പൊഴും പുത്രിയെ-
പ്പോലേ നിന്നെ വഹിച്ചിരുന്ന ഹൃദി നിൻ-
നാഥനു ദൈവേച്ഛയാൽ
ഹാ! ലേശം ചതവോറാതെത്ര വല്ലതാ-
യിട്ടും പരിക്കാണു നി-
ന്മേലേല്പിച്ചതി!-തിന്റെ ശാന്തിവിധിയിൽ-
ദ്ദോഷജ്ഞനിങ്ങാരുവാൻ? 19

ഇവിടെ നിലച്ചിതോ ക്രമസമുന്നതി കൈരളിയാം-
ക്ക!—വിതഥകൃത്യബോധകരനാരു നമുക്കിനിമേൽ?
ദിവി ഗതനായ്ക്കഴിഞ്ഞു, ബത! നമ്മുടെ ദുർവ്വിധിയാൽ,
കവിമണി കേരളീയഗുരു കേരളവൎമ്മനൃപൻ. 20

'അന്നാനാസുഖമണ്ഡലത്തെ വിഷമായ്-
ത്തള്ളി; ത്തപം ചെയ്തുകൊ-

നിന്നുളവായതു്. വിഹിതവിഭവം=ഇഷ്ടപ്പെട്ട വിഭവങ്ങളോടുകൂടും
വണ്ണം.

19. ദോഷജ്ഞൻ=ദോഷം അറിയുന്നവൻ.

20. ക്രമസമുന്നതി=ക്രമത്തിലുള്ള കയററം (അഭിവൃദ്ധി).
അവിതഥകൃത്യബോധകരൻ=യഥാൎത്ഥ (വേണ്ടുന്ന) കൃത്യങ്ങളെ ധ
രിപ്പിക്കുന്നവൻ.

21. കോയിത്തമ്പുരാന്റെ പത്നി മുമ്പേ മരിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

ങ്ങി,നാഖണ്ഡലമന്ദിരത്തിൽ മരുവും
　　വഞ്ചീശപരീദേവിയാൾ,
മന്നായ്പ്പിന്നിയ വേണി പിന്നിലുലയു-
　　മ്മാറായ്സ്സഹർഷതരം
വന്നാരാലെതിരേററിരിയ്ക്കു,മവിടം
　　പ്രാപിച്ച തൻകാന്തനെ! 21

ആ ലക്ഷ്മീത്തമ്പുരാട്ടിയ്ക്കുടയൊരു ശുഭചാ-
　　രിത്ര്യധർമ്മക്കരുത്തോ,
സ്ഥൂലശ്രീവാസവൻതൻ നിജസദൃശസുഹൃ-
　　ല്ലാഭലോഭത്തഴപ്പോ,
കാലത്തിൻശക്തിതാനോ, കലികലുഷിതയാ-
　　മൂഴിതൻ കയ്യിൽനിന്നി-
ക്കാലം തട്ടിപ്പറിച്ചാ,സ്സുകൃതിനൃപതിയെ
　　സ്വർഗ്ഗലോകത്തിലാക്കി? 22

ലോകത്തിനാറിവേകമൂർദ്ധ്യമമൊടേ
　　കാലം കഴിച്ചി,പ്പൊഴാ-

ആഖണ്ഡലമന്ദിരം ഇന്ദ്രന്റെ കൊട്ടാരം. (സ്വർഗ്ഗം) **മന്നായ്പ്പിന്നിയ വേണി**—വൈധവ്യത്തിന്റെ ലക്ഷണം. **സഹർഷതരം**=**അസന്തോഷമായ** വെമ്പലോടുകൂടി.

22. **സ്ഥൂലശ്രീ**=വലിയ ഐശ്വര്യത്തോടുകൂടിയവൻ. **വാസവൻ**=ഇന്ദ്രൻ. **നിജസദൃശസുഹൃല്ലാഭലോഭത്തഴപ്പ്**=തനിയ്ക്കു സദൃശനായ സുഹൃത്തിനെ കിട്ടാനുള്ള അത്യാഗ്രഹം. **കലുഷിതം**=കലങ്ങിയ (ദുഷിച്ച).

Digitized By Kerala Sahitya Akademi

നാകം പുക്ക നരർഷഭന്നേ,വിടെയും,
ഹാ! ദുർല്ലഭം വിശ്രമം:
പാകദ്വിട്ടിനു രാജ്യതന്ത്രമുറയും
വ്യാഴന്നു വാക്ശൈലിയും,
ശ്രീകല്പദ്രുതതിക്കു ദാനവിധിയും
ചൊല്ലിക്കൊടുക്കേണ്ടയോ? 23

വരവിബുധർതൻ നേതാവു,ങ്ങുദാരയശസ്സിനാൽ
സുരഭി, ഗുരുധീസാന്ദ്രൻ സന്നന്ദനാമൃതഗോയുതൻ.
നരകതലവും വിണ്ണാക്കീടുന്ന തൃക്കഴൽ വെയ്ക്കയാൽ,
സ്ഥിരശുഭനിധേ,വീണ്ടും വിണ്ണായി വിണ്ണധുനാ ഭൃശം! 24

ശരിക്കു മലയാളവാനിലൊരപൂർവ്വനക്ഷത്രമായ്
സ്ഫുരിച്ച തിരുമേനി പോയ് പ്രസഭമസ്തമിച്ചെങ്കിലും,
പരിഷ്കൃതിപഥങ്ങളിൽത്തെളിവു ചേർത്ത തദ്ദീപ്തിയി-
ദ്ധരിത്രിയെ,ലയംവരെയ്ക്കിരുളിൽനിന്നു രക്ഷിക്കുമേ! 25

---

23. പാകദ്വിട്ട് = ഇന്ദ്രൻ. കല്പദ്രുതതി = കല്പവൃക്ഷക്കൂട്ടം. കോയിത്തമ്പുരാന്റെ രാജ്യതന്ത്രത്തിലുള്ള അസാമാന്യമായ പാണ്ഡിത്യവും, വാഗ്മിത്വവും, ഔദാര്യവും വ്യഞ്ജിക്കുന്നു.

24. വരവിബുധർ=പണ്ഡിതശ്രേഷ്ഠന്മാർ(ദേവശ്രേഷ്ഠന്മാർ). സുരഭി=സൌരഭ്യമുള്ളവൻ (കാമധേനു എന്നും). ഗുരുധീസാന്ദ്രൻ= വലിയ ബുദ്ധിസാമർത്ഥ്യമുള്ളവൻ (ഗുരുവിന്റെ—ബൃഹസ്പതിയുടെ—ബുദ്ധിപോലെയുള്ള ബുദ്ധിയോടുകൂടിയവൻ എന്നും). സന്നന്ദനാമൃതഗോയുതൻ=സത്തുക്കളെ ആനന്ദിപ്പിക്കുന്ന അമൃതവാണിയോടു കൂടിയവൻ. (നല്ല നന്ദനം, അമൃത്, വജ്രം എന്നിവയോടു കൂടിയവൻ എന്നും). ഇന്ദ്രനുമായിട്ടുള്ള സാമ്യം കാണുക.

25. പ്രസഭം=വേഗത്തിൽ.

Digitized By Kerala Sahitya Akademi

6. കേരളപാണിനി

സുമാധുരീമേദുരകാവ്യകോവിദൻ,
സ്വമാതൃഭാഷോദധൃതിയജ്ഞദീക്ഷിതൻ-
ക്ഷമാനിവാസം വിട്ടു രാജരാജനും
സമാപ്തമാക്കി; ബത, ഭഗ്നകാമർ നാം! 1

ഘോരാടവീതടികടന്നു ഗേഹാഗ്ര്യമാമാ–
യാരാമമേറിയൊരു വീറ്റ്പിടമപ്പൊഴെയ്ക്കും,
ഹാ രാമ! കൈരളിയെ വീണ്ടുമിതാ, നടന്നാൽ–
ത്തീരാത്തശുഷ്കമരുഭൂവിലണച്ചു ദൈവം!! 2

പടുരുചിയൊട്ടുമിങ്ങു കണ്ട ഭാഗ്യം
'പട്ടതിരികത്തുക'യായിരുന്നു കഷ്ടം

ഏ. ആർ. രാജരാജവർമ്മയുടെ നിര്യാണത്തെപ്പററി:— 1093 മിഥുനം.

1. സുമാധുരീമേദുരകാവ്യകോവിദൻ=മാധുര്യമുള്ള വലിയ കാവ്യങ്ങളുടെ നിർമ്മാണത്തിൽ വിദഗ്ദ്ധൻ. സ്വമാതൃ........ദീക്ഷിതൻ=തന്റെ മാതൃഭാഷയുടെ ഉദ്ധരണമാകുന്ന യജ്ഞദീക്ഷയോടുകൂടിയവൻ. ക്ഷമാനിവാസം=ഭൂമിയിലെ താമസം. ഭഗ്നകാമർ=ആശ തകന്നവർ.

2. ഘോരാടവീതടി=ഘോരമായ വനത്തിന്റെ താഴ്വര. മുമ്പു മരിച്ച സാഹിത്യകാരന്മാരെപ്പററിയുള്ള വ്യസനം ഒട്ടൊന്നു മറന്നതിനു മുമ്പാണ് ഈ വ്യസനവും വന്നെത്തിയത് എന്നു താല്പര്യം.

Digitized By Kerala Sahitya Akademi

കടുപുകയതിൽനിന്നായതാം ചിന്നി–
ക്കെട്ടതിയിലായ് പുതുകേരളോക്തിസൌധം. 3

വിജ്ഞാനസമ്പത്തിനുമസ്മദീയ–
ഭാഷാവനിക്കും നവരാജരാജൻ—
ആ രാജരാജൻ തിരുമേനി വാണ
സിംഹാസനം ഹാ! പരിശൂന്യമായി. 4

പുനരുദയദൃഢപ്രത്യാശകൊണ്ടല്ലയോ നാ–
മിനവിലയതമസ്സിൽ, കണ്ണടച്ചാശ്വസിപ്പൂ?
വിനയിതിനൊഴിവെന്നോ?–കേരളജ്ഞാനസൂര്യൻ
പുനരുദയമൊഴിഞ്ഞുള്ളേടമത്രേ മറഞ്ഞു! 5

---

3. പടുരുചി=വലിയ പ്രഭ. പുതുകേരളോക്തിസൌധം=പുതിയ കേരളഭാഷയാകുന്ന മാളിക.

5. ഇനവിലയതമസ്സ്=ഇനവിലയത്തി (സൂര്യാസ്തമയത്തി)ലുണ്ടാകുന്ന ഇരുട്ട്. വിന: ആപത്ത്.

Digitized By Kerala Sahitya Akademi

7. ഒരു മഹാസങ്കടം

അഹോ! മഹാസങ്കടമെന്തൊരാ-
പത്താണിയകപ്പെട്ടതു നാട്ടിനെല്ലാം!
അഭംഗമംഗല്യഗുണങ്ങളാരാ-
ലകന്നു; സംസാരമസാരമായി!! 1

ഇതിൽപ്പരം ദാരുണമാമനർത്ഥ-
മേററീടുവാനില്ലിനിയൊന്നുകൊണ്ടും;
ബ്രഹ്മാണ്ഡമെമ്പാടുമിടിഞ്ഞുടഞ്ഞു
വീണീടുമെന്നാലിഹ വീണിടട്ടേ! 2

വിടാതെയുണ്ടക്ഷിജലാതിവർഷം;
വിറച്ചിടുന്നു മതിഭൂമി മേന്മേൽ;
പൊങ്ങുന്നു ദുഃഖോൽക്കടധൂമകേതു;-
വിപ്പാരിലുൽപ്പാതമനേകമിപ്പോൾ. 3

1088 മകരം 10-ാംനു- അന്തരിച്ച കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനെപ്പററി:—1088 മകരം.

1. അഭംഗമംഗല്യഗുണങ്ങൾ=അഭംഗങ്ങളായ (കേടററ) സദ്ഗുണങ്ങൾ. ആരാൽ=ദൂരത്ത്. അസാരം=സാരമില്ലാത്തത്; നിസ്സാരം.

3. അക്ഷിജലാതിവർഷം = അക്ഷിജലത്തിൻെറ (കണ്ണീരിൻെറ) അതിവർഷം. മതിഭൂമി=ഹൃദയമാകുന്ന ഭൂമി. ദുഃഖോൽക്കടധൂമകേതു=ദുഃഖമാകുന്ന ഉൽക്കടമായ ധൂമകേതു. ധൂമകേതു=അഗ്നി, ധൂമകേതു എന്ന നക്ഷത്രമെന്നും. ഉൽപാതം=ദുർന്നിമിത്തം. അതിവർഷം, ഭൂകമ്പം, ധൂമകേതൂദയം മുതലായവ ദുർന്നിമിത്തങ്ങളാണല്ലോ.

Digitized By Kerala Sahitya Akademi

ശോകം പൊറാഞ്ഞാളുകൾ കൂട്ടമിട്ടു
കേഴുന്ന കോലാഹലമൊന്നുതാനോ,
ഘോരകൃത്യങ്ങൾ സദാ നടത്തും
കലിക്കു കർണ്ണാമൃതമായ ഗീതം! 4

വീര്യം വിപത്തേ! നരരെക്കുഴക്കാ-
നുണ്ടെങ്കിലും, നീയൊരു ഭീരുതന്നേ!
കൂട്ടത്തൊടല്ലാതൊരുദിക്കിലൊറ്റ-
യ്ക്കിറങ്ങലുണ്ടോ തവ മിക്കവാറും? 5

[illegible]
നാണത്തതിൽപ്പൊങ്ങിയ ബാഷ്പമല്ലും
മറ്റൊരു നൂറിനുമ്പതിലും കടന്ന
കല്ലേയോ, ദുർവ്വിധി ചെയ്തുവെച്ചു!! 6

അഹന്തയാൽക്കേരളഭൂമി ശൂന്യ-
മാക്കുന്നതിന്നോ വിധി കോപ്പിടുന്നു!

---

4. ഘോരകൃത്യങ്ങളാചരിക്കുന്ന കലിക്കു കർണ്ണാമൃതമായ ഗീതം, ശോകം സഹിക്കാതെ ജനങ്ങൾ കൂട്ടമിട്ടു കേഴുന്നതായിരിക്കുമോ?

5. ആപത്തിന്നു മനുഷ്യരെ വലയ്ക്കാൻ ഒരു വീര്യമുണ്ട്; എന്നാൽ അതു വാസ്തവത്തിൽ ഭീരുവാണ്: കൂട്ടത്തോടെയല്ലാതെ വരാറില്ലല്ലോ. 'ആപത്തു വരുമ്പോൾ കൂട്ടത്തോടേ.' കൂട്ടത്തോടെ വരുന്നതു ഭീരുത്വംകൊണ്ടാണെന്നു കല്പനം.

7. അഹന്ത=അഹംമതി. അവന്റെ—വിധിയുടെ [illegible]

Digitized By Kerala Sahitya Akademi

അവനിതാ, നമ്മുടെ കണ്ണുനീരാൽ
സ്വാതന്ത്ര്യസാമ്രാജ്യപട്ടാഭിഷേകം!! 7

വിമുഗ്ദ്ധയാം കേരളഭാഷയേയും,
നൽപ്രൌഢയാം നിർജ്ജരഭാഷയേയും
തെളിഞ്ഞൊരേമട്ടിലിണക്കിവെച്ചു
ലാളിച്ച ദാക്ഷിണ്യവിലാസശാലി, 8

ഈർഷ്യാവഹമാകും തറവാട്ടിൽ മുന്നോ-
നേരിട്ട ഭാഗ്യപ്രകാശവാനായ്
പലതാം നവ്യസുഭവ്യകാവ്യ-
ദ്രവ്യങ്ങളുണ്ടാക്കിയ സച്ചരിത്രൻ, 9

ശബ്ദങ്ങളെദ്ദാസരെയെന്നപോലെ
ശരിക്കു കീഴ്നിർത്തിയ ശക്തിയുക്തൻ;
തനിച്ചു മുപ്പാണ്ടിടകൊണ്ടു സാക്ഷാൽ
ശ്രീഭാരതം തർജ്ജമചെയ്ത ധീരൻ, 10

കണ്ണുനീരായിത്തീർന്നു, വിധിയ്ക്കു സ്വാതന്ത്ര്യസാമ്രാജ്യപട്ടാഭിഷേകത്തിനുള്ള ജലം!

8. നിർജ്ജരഭാഷ=ദേവഭാഷ (സംസ്കൃതം). ദാക്ഷിണ്യവിലാസത്തോടുകൂടിയവൻ; എല്ലാ ഭാര്യമാരെയും ഒരേ മട്ടിൽ ലാളിക്കുക എന്നതത്രേ ദാക്ഷിണ്യം.

9. നവ്യ.........ദ്രവ്യങ്ങൾ=പുതിയ സുഭവ്യ(സുന്ദരങ്ങ)ളായ കാവ്യങ്ങളാകുന്ന ദ്രവ്യങ്ങൾ (സമ്പത്തുകൾ).

10. ശബ്ദങ്ങളെ............ശക്തിയുക്തൻ—കുഞ്ഞിക്കുട്ടൻ തമ്പുരാൻ്റെ ശബ്ദാധിപത്യം സഹൃദയവിദിതമാണല്ലോ. ശക്തി=വാസന, ശേമുഷി എന്നും.

Digitized By Kerala Sahitya Akademi

കാളീകടാക്ഷഭ്രമരക്കളിപ്പൂ-
ങ്കാവായ കല്യൻ, കവിസാർവ്വഭൌമൻ,
കുലാഭിമാനപ്രദകീർത്തി, 'കുഞ്ഞി-
ക്കുട്ട'ക്ഷിതീശൻ—ശിവരാമ! രാമ! (കലാപകം) 11

ചിക്കന്നു, വിജ്ഞാനവിശേഷരത്നാ-
ച്ചെപ്പായിരുന്നാത്തല ചാമ്പലായി,
നിനയ്ക്കുവയ്യെൻ, മലയാളഭാഷേ!
നിർഭാഗ്യയാം നിൻഗതിയെന്തു മേലിൽ? 12

ശ്രീകോടിലിംഗക്ഷിതിപാലവംശാ-
രാമോത്ഥമിസ്സൽക്കവിപാരിജാതം
കടപ്പു,മസ്മൽസുകൃതത്തൊടൊപ്പം
കാലോഗ്രവാതാൽക്കടയറ്റുവീണു! 13

---

11. കാളീ.........കളിപ്പൂങ്കാവ്=കൊടുങ്ങല്ലൂർഭഗവതിയുടെ കടാക്ഷമാകുന്ന ഭ്രമരത്തിനു (വണ്ടിനു) കളിപ്പൂങ്കാവായിട്ടുള്ളവൻ, **കുലാഭിമാനപ്രദകീർത്തി**=കുലത്തിന്നു (തറവാട്ടിന്നു) അഭിമാനപ്രദമായ കീർത്തിയോടുകൂടിയവൻ. അപ്രസ്തുതപ്രശംസയിൽ ഭഗവന്നാമോച്ചാരണം തമ്പുരാന്റെ അകാലനിര്യാണത്തിലുള്ള ശോകാധിക്യത്തെ ദ്യോതിപ്പിക്കുന്നു.

12. തലയെ, വിജ്ഞാനവിശേഷങ്ങളെ വെച്ച രത്നച്ചെപ്പായിക്കല്പിച്ചിരിക്കുന്നു.

13. ശ്രീകോടി........ത്ഥം=കൊടുങ്ങല്ലൂർ രാജവംശമാകുന്ന ആരാമത്തിൽ (തോട്ടത്തിൽ) മുളച്ചത്. പാരിജാതം=കല്പകവൃക്ഷവിശേഷം. കാലോഗ്രവാതാൽ=കാലത്തിന്റെ ഉഗ്രവാതം(കൊടുങ്കാറ്റ്) മൂലം. അഭീഷ്ടഗ്രന്ഥദാതാവായ തമ്പുരാനെ പാരിജാതത്തോടുപമിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

സയത്താമുണ്ടാക്കിവരുന്ന ഭാഷാ–
സാഹിത്യഗേഹത്തിനു തീപ്പിടിച്ചു!
കരിയ്ക്കലും വിട്ടൊഴിയാത്ത നഷ്ട–
മോരാതെ നേരിട്ടു നമുക്കു കഷ്ടം! 14

വൈധവ്യമാർന്നു കവിതാവധൂടി!
ഹാ! കൈരളിപ്പെണ്ണിനു കണ്ണുപൊട്ടി!
ആലംബനാശാലിഹ വാണിമാതിൻ
വലത്തു കൊങ്കയ്ക്കു വലച്ചിലായി! 15

ഹാ! ഹാ! ശുഭേ! 'കൌമുദി'! പുത്രിയെപ്പോ–
ലായ് നിന്നെ ലാളിച്ച കവിക്ഷിതീശൻ
എന്നേയ്ക്കുമായ് നമ്മെ വെടിഞ്ഞു! നിന്റെ–
മുഖത്തു ഞാനെങ്ങിനെ നോക്കിടേണ്ടു? 16

ആരിന്നി നമ്മൾക്കു ഹിതോപദേഷ്ടാ–
വാ?–സ്സൌമ്യനു, സ്സൽഗുരു, സർവ്വമാന്യൻ

---

15. വൈധവ്യ.........വധൂടി—കവിതാവധൂടി(സ്ത്രീ)യുടെ കാന്തനായിരുന്നു തിരുമേനി എന്നാശയം. ആലംബനാശാൽ= ആശ്രയമില്ലാതാകയാൽ. 'സംഗീതമപി സാഹിത്യം സരസ്വത്യാഃ സ്തനദ്വയം' എന്നാണല്ലോ. സരസ്വതിയുടെ വലത്തുകൊങ്കയാണ് സാഹിത്യത്തിന്റെ ഇരിപ്പിടമെന്നു സങ്കല്പം. അത് ഇനി ആരിൽ അത്ര ചേരും?

16. കൌമുദി—അന്നുണ്ടായിരുന്ന കവനകൌമുദി എന്ന മാസികാപത്രം.

Digitized By Kerala Sahitya Akademi

അഖണ്ഡധർമ്മം ഗുരുവെപ്പഠിപ്പി-
പ്പാനങ്ങേർനാട്ടിന്നെഴുന്നള്ളിയല്ലോ! 17

ഹാ! വെണ്മണിബ്രാഹ്മണവര്യസൂനോ!
ഹാ! കൈരളീകൈരവശീതഭാനോ!
ഹാ! നൂതനവ്യാസ!, തമോനിമഗ്ന-
രനാഥരീശ്ശിഷ്യർ ഭവാദൃഗ്വിയോഗാൽ. 18

കാലക്രമാൽത്തീപ്പെട്ടമമ്മയായ
ദേവിക്കു ശേഷക്രിയ ചെയ്തിടാതെ
അഭിജ്ഞനായോരവിടുന്നകാണ്ഡേ
വിണ്ണിന്നെഴുന്നള്ളിയതെന്തിവണ്ണം? 19

വാർദ്ധക്യവും പൂണ്ടവിടുത്തെയമ്മ
ജീവിച്ചിരിപ്പുള്ളതുമോർത്തിടാതെ

---

17. ഗുരു=ബൃഹസ്പതി.

18. വെണ്മണി അച്ഛൻനമ്പൂതിരിപ്പാടിന്റെ മകനാണല്ലോ കുഞ്ഞിക്കുട്ടൻ തമ്പുരാൻ. കൈരളീ.......ശീതഭാനു—കൈരളിയാകുന്ന ആമ്പൽപ്പൂവിനു ചന്ദ്രൻ; വികാസദായകൻ. നൂതന വ്യാസൻ—മഹാഭാരതതർജ്ജമമൂലം പുതിയ വ്യാസൻ എന്നു വിളിക്കപ്പെട്ടു. തമോനിമഗ്നർ=അജ്ഞാനദുഃഖങ്ങളിൽ മുങ്ങിയവർ. ഭവാദൃഗ്വിയോഗാൽ=അങ്ങയുടെ വേർപാടുമൂലം.

19. അകാണ്ഡേ=പെട്ടെന്ന് അന്ന് അമ്മത്തമ്പുരാട്ടി ജീവിച്ചിരിപ്പുണ്ടായിരുന്നു.

Digitized By Kerala Sahitya Akademi

ന്നീ ചെയ്തതെന്തക്രമമാണിതയ്യോ!
കൃതാന്ത! കണ്ണിൽത്തവ ചോരയില്ലേ? 20

നിസ്തുല്യവാത്സല്യമിയന്നിരുന്നാ-
ശ്ശ്രുത്തമനന്തമണഞ്ഞവാറും
കനത്ത മാൽകൊണ്ടുടയാത്തതാമെൻ
കരൾക്കു കല്ലും കരമേകിടേണം. 21

ഇത്തമ്പുരാനിൽപ്പുരുഷക്കുവേണ്ടും
ഗ്ഗുണങ്ങൾ മുററും വിധി ചേർത്തിണക്കി;
എന്നിട്ടുമയ്യോ! പുരുഷാർഹമായു-
ള്ളായുസ്സിലർദ്ധാംശവുമേകിയില്ലാ. 22

അമ്മേ! കുരുംബേശ്വരി! കാളി! കാല-
കാലന്റെ തൃക്കണ്ണിനു വെണ്ണിലാവേ!

---

20. കൃതാന്ത.......യില്ലേ?—ഇതൊക്കെക്കണ്ടാൽ യമന്റെ കണ്ണിൽ തീരെ ചോരയില്ലെന്നു തോന്നിപ്പോകും.

21. കരൾക്കു.......ടേണം—ഇത്ര കടപ്പമേറിയതാണല്ലോ തന്റെ ഹൃദയമെന്നു കവി സ്വയം പഴിക്കുന്നു.

22. ഐംപതു വയസ്സിന്നു മുമ്പാണ് തമ്പുരാൻ തീപ്പെട്ടതെന്നു തോന്നുന്നു.

23. കുരുംബേശ്വരി=കൊടുങ്ങല്ലൂർഭഗവതി. കാല.......ലാവേ—കാലകാല (ശിവന്റെ)ന്റെ കണ്ണിനെ നിലാവെന്നപോലെ ആഹ്ലാദിപ്പിക്കുന്നവളേ; ശിവന്റെ ഓമനമകളേ. അകാലവിപത്ത്=അകാലമരണം. തമ്പുരാൻ കാലകാലന്റെ കണ്ണില

Digitized By Kerala Sahitya Akademi

നിൻഭക്തനാമീസ്സുകൃതിക്കുകാല-
വിപത്തകപ്പെട്ടതിലെന്തു ന്യായം? 23

മറ്റൊന്നു ചൊല്ലാം! മലയാളഭാഷാ-
മരന്ദവാണിക്കു, മഹാകട്ടപ്പം!
താരുണ്യകാലം തടവുമ്പൊഴേക്കും
തരങ്ങളും തെറ്റി തിരുതാലിയറ്റു. 24

മുരണ്ടു, മൂത്തൊന്നിനുമാവതില്ലാ-
തിങ്ങെത്ര പേരുണ്ടവരെത്തൊടാതെ,
ലോകോപകാരത്തിനു തക്ക ശേഷി-
യുള്ളോരെയല്ലോ മൃതി തീണ്ടിടുന്നു! 25

എല്ലാരിലും സൌഹൃദമൊന്നുപോലാ-
ണെൻ തമ്പുരാനില്ലൊരു പക്ഷഭേദം;
കണ്ണാടിപോലേ വിമലം കരൾക്കാമ്പ,-
തൊക്കെ നമ്മൾക്കിനിയോർക്ക മാത്രം! 26

അനർഗ്ഗളം കത്തിയൊലിച്ചതായ
തൽസൂക്തി, മന്ദാകിനിയെന്നപോലെ;

ണ്ണിയായ കാളിയുടെ ഭക്തനായിരുന്നിട്ടും അദ്ദേഹം അകാലമരണ-
മടഞ്ഞതു് അദ്ഭുതകരമായിരിക്കുന്നുവെന്നഭിപ്രായം.

24. മരന്ദവാണി=തേൻവാണി. മഹാകട്ടപ്പം—അതു പറ-
യാൻതന്നെ പ്രയാസം. മലയാളഭാഷയ്ക്കു താരുണ്യമായപ്പോഴേക്കും
വൈധവ്യം വന്നുപോയി!

27. തൽസൂക്തി.........വിളങ്ങിടുന്ന—മന്ദാകിനി (ഗംഗ)

Digitized By Kerala Sahitya Akademi

വിസ്താരമേറീടിന ഭാരതത്തെ
വിശുദ്ധമായ്ത്തീർത്തു വിളങ്ങിടുന്നു. 27

സുവിശ്രുതാത്യത്ഭുതശീഘ്രകാവ്യ-
ശില്പത്തിലീ പ്രൌഢകവിക്കു ബാഢം
കിടയ്ക്കു നില്പാൻ, തനതായ്യനായ
കൊച്ചുണ്ണിരാജൻ തിരുമേനി മാത്രം. 28

കഴിഞ്ഞുവല്ലോ കഥയൊക്കെ! നമ്മൾ
കരാളശോകാബ്ധിയിലെത്ര കാലം
കിടന്നുമുങ്ങീടിലു,മാക്കവിര-
ത്നത്തെയുണ്ടോ തിരിയേ ലഭിപ്പൂ? 29

അനിത്യമാം ഭൌതികമായ ദേഹ-
മദൃശ്യമായ്ത്തീർന്നിതിനെന്തു മാഴ്കാൻ?
സുകല്പമീശ്ശാശ്വതകീർത്തിദേഹ-
മാകല്പമായ് മന്നിൽ മിന്നുമല്ലോ. 30

[illegible]പോലെതന്നെ, തൽസൂക്തി (അദ്ദേഹത്തിന്റെ സൂക്തി) വിസ്തൃതമായ ഭാരതത്തെ (ഭാരതഗ്രന്ഥത്തെ) വിശുദ്ധമാക്കിത്തീർത്തു.

28. സുവിശ്രുതാ.......ശില്പത്തിൽ=പേർ കേട്ട അത്യദ്ഭുതകരമായ ശീഘ്രകാവ്യ (ദ്രുതകവന) ശില്പത്തിൽ. ബാഢം=അത്യന്തം.

29. നാം ശോകാബ്ധിയിൽ എത്ര കിടന്നു മുങ്ങിത്തപ്പിയാലും [illegible]പ്പെട്ടുപോയ ആ രത്നം തിരിയെ കിട്ടുകയില്ല.

30. ആകല്പം=പ്രളയംവരെ. ആകല്പം=ആഭരണം.

Digitized By Kerala Sahitya Akademi

ലോകാന്തരത്തിലവിടേയ്ക്കു ശുഭങ്ങൾ നേരാൻ
ശോകാന്ധർ നമ്മൾ തുടരുന്നതു പാഴിലത്രേ;
സദ്യോഗസുസ്ഥിരതരൻ തിരുമേനി സാക്ഷാൽ
സച്ചിൽപ്രകാശമൊടു ചേൎന്നു ലയിച്ചിരിക്കും!! 31

---

31. ബ്രഹ്മത്തിൽ ലയിച്ചു കഴിഞ്ഞ അദ്ദേഹത്തിനു ശോകാന്ധരായ നാം മംഗളങ്ങൾ പ്രാൎത്ഥിക്കുന്നതു നിഷ്ഫലമത്രേ: ബ്രഹ്മത്തിൽ ലയിച്ച ഒരാൾക്ക് എന്തു മംഗളമാണ് പ്രാൎത്ഥനീയമായിട്ടുള്ളത്?

Digitized By Kerala Sahitya Akademi

8. പൂർണ്ണവിശ്രമസൌഖ്യം

(കേക)

എപ്പോഴെന്നില്ലെ,ങ്ങെന്നി-
ല്ലെ,ങ്ങിനെയെന്നില്ലുടൽ-
ക്കപ്പൽമുങ്ങലും, പാന്ഥർ
ചാകലും പ്രപഞ്ചത്തിൽ!
ജീവിതം ഭേസിപ്പിന്നിൽ-
ത്തെളിയ്ക്കപ്പെട്ടുകയാം
പാവങ്ങൾ, മരണത്തിൻ
പൊതിക്കന്നുകൾ, നമ്മൾ!

മഹാകവി കുമാരനാശാന്റെ അകാലനിര്യാണത്തെപ്പററി: 1099 മകരം.

ഉടൽക്കപ്പൽ=ശരീരമാകുന്ന കപ്പൽ. സമുദ്രത്തിൽ ഓടിക്കൊണ്ടിരിക്കുന്ന കപ്പൽ, ഇന്ന സമയത്ത് ഇന്ന ദിക്കിൽ, ഇന്ന വിധത്തിൽ മുങ്ങുക എന്നു നിയമമില്ലാത്തതുപോലെ, പ്രപഞ്ചസമുദ്രത്തിൽ ജീവിതയാത്ര ചെയ്യുന്ന മനുഷ്യൻ ഇന്ന ദിക്കിൽവെച്ച്, ഇന്ന സമയത്ത്, ഇന്ന വിധത്തിൽ മരിക്കുക എന്ന നിയമമില്ലെന്നഭിപ്രായം. ഇതിനെത്തന്നെ സ്പഷ്ടമാക്കുന്നു, അടുത്ത വരികൊണ്ട്. "പൊതിക്കന്നുകൾ നമ്മൾ—" മരണം, അതിന്റെ പൊതിക്കന്നുകളായ നമ്മളെ മുതുകിൽ ജീവിതച്ചുമടു കയററി തെളിക്കുകയാണ് ചെയ്യുന്നത്; ഈ ചുമട്, എപ്പോൾ, എവിടെ, ഏതുവിധത്തിൽ നമ്മുടെ മുതുകത്തു നിന്നിറക്കുമെന്നറിഞ്ഞുകൂടാ. അതു മരണത്തിന്റെ ഇച്ഛയാണെന്നർത്ഥം.

Digitized By Kerala Sahitya Akademi

ആശാനാം കൃതിപ്പൂൺപു-
മാണ്ടുപോൽക്കാലാംഭസ്സിൽ;
ആശകളലിഞ്ഞുപോയ്
മാദൃശക്കതോടൊപ്പം:
വേണാട്ടിന്നൊരു പൌര-
ശ്രേഷ്ഠനും, ഭൃഗുരാമ-
ക്ഷോണിയ്ക്കു നവോല്ലേഖ-
നായൊരു കവീന്ദ്രനും,
ഈഴവക്കൊരു മഹാ-
നേതാവും—ഹതവിധി
പാഴാക്കിവിട്ടാനെല്ലാ-
മൊരടിയ്ക്കേന്നോവേണ്ടു!

ഏറെനാറ നിലനില്ക്കും
സമ്പത്തു ചുരുങ്ങിയ
കൈരളീമാതാവെ—ന്തൊ-
ന്നോതേണ്ടു സഖാവേ, ഞാൻ?

കൃതിപ്പൂൺപ്=കവിശ്രേഷ്ഠൻ. ആണ്ടുപോൽ കാലാംഭസ്സിൽ= മരിച്ചുപോയി. "ആശകാറ....അതോടൊപ്പം" ആശാൻ ഇനിയും അനേകം കാവ്യങ്ങറ കൈരളിയ്ക്കു കാഴ്ച വെയ്ക്കും എന്ന എന്നെപ്പോലെയുള്ളവരുടെ ആശയും ആശാൻ പോയതോടൊപ്പം അസ്തമിച്ചു. വേണാട്=തിരുവിതാംകൂർരാജ്യം. ഭൃഗുരാമക്ഷോണി=കേരളം. നവോല്ലേഖൻ=പുതിയ ഉല്ലേഖങ്ങളോടുകൂടിയവൻ. ഹതവിധി=ദുർവ്വിധി.

"ഏറെനാറ....കൈരളീമാതാവ്"—ഭാഷയുടെ സമ്പത്ത്

Digitized By Kerala Sahitya Akademi

കവനലക്ഷ്മിയ്ക്കൊരു
    കനകകമലമാം
ഭവദാസ്യത്തെത്തന്നെ
    നോക്കിക്കൊണ്ടിരിയ്ക്കവേ,
അദ്ദിവ്യകുസുമത്തെ-
    യാശ്ശു നീർപ്പിശാചിൻ ക-
യ്യത്യഗാധമാമിരുൾ-
    പ്പാതാളത്തിലേയ്ക്കാഴ്ത്തി!
കോട്ടയത്തൊരു സഭ-
    യ്ക്കധ്യക്ഷനാവാനത്രേ
നാട്ടിൽനിന്നമ്മേ, പോന്നു
    ശ്രീമാനാം കുമാരൻ തേ;
ആ യാത്ര മടങ്ങാത്ത-
    തായി നിൻദൌർഭാഗ്യത്താൽ,
കായലിൻ തിരയന്നു
    മൃത്യുവിൻ കയറായി.

'അച്ഛനിങ്ങെന്താണമ്മേ,
    തിരിച്ചുവരാത്തതെ'-
ന്നച്ചെറുമുഖങ്ങൾ തൻ
    ചോദ്യങ്ങൾ തുടരവേ,

അതിലുള്ള പുസ്തകങ്ങളാണല്ലോ; മലയാളഭാഷയിൽ എന്നേയ്ക്കും നിലനില്ക്കുന്ന പുസ്തകങ്ങൾ വളരെ കുറവാണെന്നഭിപ്രായം. അത്യഗാധമാമിരുൾപ്പാതാളം—വെള്ളത്തിന്റെ അടിത്തട്ട്. കുമാരനാശാൻ ബോട്ടു മുങ്ങിയിട്ടാണല്ലോ മരിച്ചത്

Digitized By Kerala Sahitya Akademi

അവതൻ പിതൃതൃഷ്ണ-
 യ്ക്കേന്തിനാൽ ശമം നല്കം
തവ ഗേഹിനി ധീമൻ,
 തപ്തമാം കണ്ണീരാലോ!
ആശാനാം ഭവാൻ ഞങ്ങാം-
 ക്കുലകിൻക്ഷണികത്വം
പേശലകാവ്യങ്ങളാൽ
 പലപാടോതിത്തന്നു;
എങ്കിലും ത്വദകാല-
 നിര്യാണമിയ്യുള്ളോക്കു
സങ്കടതമസ്സിനാ-
 ലന്ധത പെടുത്തുന്നു.

താവകകവിതയീ
 പ്രകൃതിനളിനിയിൽ-

അവ—ആ കൊച്ചുമുഖങ്ങൾ (കിടാങ്ങൾ). പിതൃതൃഷ്ണ=അച്ഛനെപ്പററി അറിവാനുള്ള കൊതി. തൃഷ്ണയ്ക്കു ദാഹമെന്നും അത്ഥം. ഗേഹിനി=പത്നി. തപ്തം=ചൂടുള്ളത്. ഇതു കവി ആശാനോടു നേരിട്ടു പറയുന്നതാണ്: ഉലകിൻ ക്ഷണികത്വം=ലോകത്തിന്റെ നശ്വരാവസ്ഥ. പേശലം=മനോഹരം. ത്വദകാലനിര്യാണം=വാദ്ധക്യത്തിനുമുമ്പുള്ള താങ്കളുടെ മരണം. അന്ധത പെടുത്തുന്നു—ആശാൻ തന്റെ കാവ്യങ്ങളിൽ ലോകത്തിന്റെ നശ്വരാവസ്ഥയെ നല്ലപോലെ വണ്ണിച്ചിട്ടുണ്ടെങ്കിലും, അദ്ദേഹത്തിന്റെ അകാലമരണം ലോകത്തെ വ്യസനിപ്പിയ്ക്കുകതന്നെ ചെയ്യുന്നു എന്നു താൽപര്യം.

Digitized By Kerala Sahitya Akademi

കാർവണ്ടിൻ പിടപോലെ,
    'ലീല'യാ തത്തിപ്പാറി;
ഗ്രാമവൃക്ഷത്തിൽക്കയി-
    ലായ് നിന്നു കൂകിസ്സൂരി-
സ്തോമത്തിനെന്നൊന്നോയ്ക്കും
    വാസന്തോത്സവമേകീ!
അത്രയുമകൃത്രിമാ-
    ലങ്കാരവൈചിത്ര്യത്താൽ-
ച്ചിത്തത്തെയാവർജ്ജിയ്ക്കും
    തൽപ്രൌഢകവിതയെ
പുഷ്ടകൌതുകനാംഗ്ലൂ-
    രാജേന്ദ്രപുത്രൻ വീണ്ടും
പട്ടുകൾ ധരിപ്പിച്ചു,
    ചാർത്തിച്ചു പൊൻകാപ്പും പോൽ!

പാതാളം വഴിയ്ക്കൂർദ്ധ്വ-
    ലോകമേ പൂകീ ഭവാൻ:

പ്രകൃതിനളിനി=പ്രകൃതിയാകുന്ന താമരപ്പൊയ്ക. സൂരിസ്തോമം=വിദ്വത്സമൂഹം. അകൃ....ത്താൽ=സ്വാഭാവികങ്ങളായ അലങ്കാരങ്ങൾകൊണ്ടുള്ള ഭംഗിയാൽ. ആവർജ്ജിക്കുക=ആകർഷിക്കുക. പുഷ്ടകൌതുകൻ=വർദ്ധിച്ച സന്തോഷത്തോടുകൂടിയവൻ. പൊൻകാപ്പുംപോൽ—വെയിൽസ് രാജകുമാരൻ ഇന്ത്യ സന്ദർശിച്ച അവസരത്തിൽ മഹാകവി കുമാരനാശാനു പട്ടും വളയും സമ്മാനിച്ചതിനെ അനുസ്മരിക്കുന്നു.

പാതാളം=കായലിന്റെ അടിത്തട്ട്. ഊർദ്ധ്വലോകം=സ്വർഗ്ഗ

Digitized By Kerala Sahitya Akademi

താദൃശവിശിഷ്ടന്മാർ
　　താഴ്ചയാലുയരുവോർ.
നില്ക്കുകെൻ വിലാപമേ:
　　നിൻെറ തീക്ഷ്ണത മുള്ള
വെയ്യൊലാ പരേതനാം
　　സുഹൃത്തിൻ സന്മാർഗ്ഗത്തിൽ!
ജീവിതപ്രവാഹത്തിൽ
　　യാത്രചെയ്തുനായാസ-
മാ വിശാലതയിൽപ്പോയ്
　　ലയിച്ചാനദ്ദേഹം, ഹാ!
സിദ്ധിയ്ക്കു തദാത്മാവി-
　　നാദിമപ്രകൃതിതൻ
പൊൽത്തിരുമടിത്തട്ടിൽ
　　പൂർണ്ണവിശ്രമസൌഖ്യം!

ലോകം. താദൃശവിശിഷ്ടന്മാർ=അങ്ങയെപ്പോലുള്ള മഹാന്മാർ. ആശാൻെറ സ്വതസ്സിദ്ധമായ വിനയം അദ്ദേഹം മരണസമയത്തും പാലിച്ചു എന്നു ധ്വനി. തീക്ഷ്ണത=മൂർച്ച. മരിച്ചവരെക്കുറിച്ചു വിലപിയ്ക്കുന്നത് അവരുടെ ഉൽഗതിയ്ക്കു പ്രതിബന്ധമാവും എന്നൊരു വിശ്വാസമുണ്ട്. ആ വിശാലത=പ്രസിദ്ധമായ മൂലപ്രകൃതി. പൂർണ്ണവിശ്രമസൌഖ്യം=പൂർണ്ണമായ വിശ്രമംകൊണ്ടുള്ള സുഖം—മോക്ഷം.

Digitized By Kerala Sahitya Akademi

9. ലോകാസ്സമസ്താഃ സുഖിനോഭവന്തു!

കല്യൻ, ത്രിഭാഷാകൃതബുദ്ധി കണ്ടൂർ–
കവീന്ദ്രനദ്ദേഹവുമന്തരിച്ചു!
കട്ടത്തൊരാപത്തിതിലെത്രയേറെ
ക്ലാന്തിപ്പെട്ടാ കൈരളിതൻ മുഖാബ്ജം? 1

അങ്ങന്നനാഡംബരശീലനെന്തി–
നുടുപ്പു മാറാൻ സഹസാ മറഞ്ഞു?
അത്രയ്ക്കു മങ്ങിപ്പഴകിക്കഴിഞ്ഞി–
ട്ടില്ലായിരുന്നു തവ വസ്ത്രമല്ലോ. 2

ചെന്നു വയസ്സിന്നെഴുപത്തിയഞ്ചെ–
ന്നാലും, യുവത്വം വിലസി ഭവാനിൽ:

കവിതിലകൻ കണ്ടൂർ നാരായണമേനോൻെറ നിര്യാണത്തെപ്പററി: 1111 കക്കടകം.

1. കല്യൻ=ശേഷിയുള്ളവൻ. ത്രിഭാഷാകൃതബുദ്ധി=മൂന്നു ഭാഷകളിൽ (ഇംഗ്ലീഷ്–സംസ്കൃത–മലയാളങ്ങളിൽ) പാണ്ഡിത്യമുള്ളവൻ. ക്ലാന്തി=വാട്ടം. അദ്ദേഹവുമന്തരിച്ചു—മുമ്പു മരിച്ചുപോയ കേരളീയകവികളേയും അനുസ്മരിക്കുന്നു.

2. അങ്ങന്നു.......മറഞ്ഞു—അദ്ദേഹം സ്വതേ അനാഡംബരശീലനായതുകൊണ്ടു പെട്ടെന്ന് ഉടുപ്പു മാറേണ്ട ആവശ്യമില്ലല്ലോ എന്നഭിപ്രായം. വാസാംസിജീർണ്ണാനി.......എന്ന സാരവത്തായ ശ്ലോകം ഓക്കുക. അത്രയ്ക്കു.......വസ്ത്രമല്ലോ—അദ്ദേഹം മരിക്കുമ്പോഴും അരോഗദൃഢഗാത്രനായിരുന്നു.

Digitized By Kerala Sahitya Akademi

അടുത്തവക്കാക്കമകന്നു പോവാൻ
തോന്നിട്ടില്ലയല്ലോ തവ സത്സ്വഭാവാൽ. 3

കാലത്തു തൻകാഴ്ചകൾ കൊണ്ടുവെച്ചാൻ
വാർദ്ധക്യവും നോക്കുവിട്ടത്തെ മുന്നിൽ;
അവററിൽനിന്നിത്തിരി തൂവെളുപ്പേ
കൈക്കൊണ്ടതുള്ളൂ സുഗുണാവദാതൻ 4

അനർഘകാവ്യങ്ങളെ മാതൃഭാഷ-
ക്കർപ്പിച്ച കൈ വാതവിധൂതമായ് പോൽ!
അതിങ്കൽനിന്നാപ്പരിചുററ തൂവ്വ-
ലത്യന്തവിഭ്രഷ്ടവുമായിപോലും— 5

---

3. യൌവനം എങ്ങിനെ പിരിഞ്ഞുപോകും? അദ്ദേഹത്തിൻെറ സ്വഭാവഗുണംമൂലം അടുത്തവക്കാക്കം വിട്ടുപോകാൻ തോന്നിയിരുന്നില്ല!

4. കാലത്തു—തക്കസമയത്തു. മുമ്പു ബാല്യവും യൌവനവും തങ്ങളുടെ കാഴ്ചകൾ കൊണ്ടുവന്നുവെച്ചതുപോലെ എന്നത്ഥം. അവററിൽ........സുഗുണാവദാതൻ—ആ കാഴ്ചദ്രവ്യങ്ങളിൽ, സുഗുണാവദാതനായ (സൽഗുണംകൊണ്ടു വെളുത്തവനായ) അദ്ദേഹം തെല്ലുവെളുപ്പുമാത്രമേ എടുക്കുകയുണ്ടായുള്ളു—അദ്ദേഹത്തെ തെല്ലു നര ബാധിച്ചിട്ടേ ഉണ്ടായിരുന്നുള്ളു. വാർദ്ധക്യത്തിൻെറ മററു ലക്ഷണമൊന്നും ഉണ്ടായിരുന്നില്ലെന്നത്ഥം.

5. വാതവിധൂതം=വാതംകൊണ്ടു വിറച്ചുള്ളതു. അത്യന്തവിഭ്രഷ്ടം=എന്നെന്നേക്കുമായി വീണതു്.

Digitized By Kerala Sahitya Akademi

എല്ലാം കഴിഞ്ഞു ചിലനാളിനുള്ളി;-
ലെത്രയ്ക്കു ധന്യം മലയാളമേ, നീ:
അതാ, യമൻ വന്നു കരം പിടിച്ചു
കൊണ്ടങ്ങുപോയ് നിൻമഹിമോൽക്കരത്തെ! ൬

കൊച്ചുണ്ണിഭൂപൻ, കവിമൌലി കുഞ്ഞി-
ക്കുട്ടക്ഷിതീശൻ, നടുവട്ടിജേന്ദ്രൻ,
പുകഴ്ന്ന 'രാജാവു',ട്ടുവീ മഹാന്മാർ
പോയ്വാഴ്‌വതെങ്ങ,ങ്ങു ഗതൻ ഭവാനും. ൭

ആ ശ്രേഷ്ഠരാം സ്നേഹിതരോടു ചേരാ-
നൌൽസുക്യമാണിന്നു മറന്നു താങ്കൾ;
പൊറുക്കുമെന്നോട്ടു ഭവദ്വിയോഗ-
ക്ലേശത്തെ ഞാനാമെളിയോരു മിത്രം? 8

ഹാ, ഞങ്ങൾ വേരിട്ടൊരു നാല്പതാണ്ടിൻ
മുമ്പാത്ത്യമായ്ക്കണ്ട ദിനംമുതല്ക്കേ —

---

൬. മഹിമോൽക്കരം=മഹിമകളുടെ കൂട്ടം. കുണ്ടൂരിനെ മലയാളത്തിന്റെ മഹിമാപുഞ്ജമായി ഉൽപ്രേക്ഷിച്ചിരിക്കുന്നു.

7. 8. കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ, നടുവം, രാജാവ് (ഒറവങ്കര) ഒട്ടുവ് എന്നീ മഹാന്മാർ പോയി വാഴുന്നിടത്തേയ്ക്കാണ് താങ്കൾ പോയത്; ആ സുഹൃത്തുക്കളോടുള്ള സമാഗമം താങ്കൾക്കു സന്തോഷകരമായിരിക്കും. എന്നാൽ താങ്കളുടെ വേർപാടുമൂലമുള്ള ദുഃഖം ഒരെളിയ സ്നേഹിതനായ ഞാനെങ്ങിനെ പൊറുക്കും?

Digitized By Kerala Sahitya Akademi

മദ്ഭാഗ്യമേ, വെല്ലയി, വെല്ല—വള്ള-
ത്തോളക്കവിപ്പൂൺപിറ കണ്ണിലുണ്ണി. 9

മുന്നേ ഭവാനല്ലി, കനിഞ്ഞു—'വള്ള-
ത്തോളെ'ന്നു വെട്ടിച്ചെറുതാക്കിയെൻപേർ,
'പേരിൻെറ നീളത്തിലനാസ്ഥനാകെ'-
ന്നെന്നെപ്പഠിപ്പിപ്പതിനെന്നപോലെ. 10

അഹോ, ഭവാനാലുപദിഷ്ടപഥ്യ-
ന,ഭിഷ്ടുതൻ, ലാളിതനാ,ദൃതൻ ഞാൻ;
ഭവാനു ശിഷ്യൻ, ഗുരു, ഭാഗിനേയൻ,
സഖാവുമായേനിവനേകകാലേ. 11

ഞാൻ വേണ,മന്നന്നവിടുന്നു തീർത്ത
കാവ്യങ്ങൾ 'നോക്കിപ്പിഴതീർക്കുവാൻ' പോൽ;

---

10. കുണ്ടൂരത്രേ നമ്മുടെ കവിയെ 'വള്ളത്തോൾ' എന്നു വീട്ടുപേരാൽ വിളിച്ചുതുടങ്ങിയത്. പേരിൻെറ നീളത്തിൽ—വലിയ പേരുണ്ടാവണമെന്ന കാര്യത്തിൽ—അത്ര ശ്രദ്ധിയ്ക്കരുതെന്ന് എന്നെ പഠിപ്പിയ്ക്കാനായിരിയ്ക്കാം, ഇതു ചെയ്തതെന്നു താൽപര്യം.

11. ഉപദിഷ്ടപഥ്യൻ=വേണ്ടതു് (പഥ്യമായതു്) ഉപദേശിയ്ക്കപ്പെട്ടവൻ. അഭിഷ്ടുതൻ=സ്തുതിയ്ക്കപ്പെട്ടവൻ. ശിഷ്യൻ, ഗുരു, ഭാഗിനേയൻ, സഖാവ് എന്നീ പദങ്ങൾ മുകളിൽപ്പറഞ്ഞതിന്നു ക്രമത്തിൽ വിന്ന്യസിച്ചിട്ടുള്ളതു കാൺക.

12. ഗുരു എന്നു പറഞ്ഞതിനെ വിവരിച്ചിരിയ്ക്കുന്നു: കൃതിമുഖ്യൻ=കവിശ്രേഷ്ഠൻ. ഹാ, സ്നേഹമേ....തേ—സ്നേഹംമൂലം എ

Digitized By Kerala Sahitya Akademi

ഇയ്യജ്ഞനെങ്ങ, ക്കതിമുഖ്യനെങ്ങു?
ഹാ സ്നേഹമേ, ഗൌരവകല്പനം തേ! 12

ഇന്നാവതോളം ചതുരംഗകേളി,
നാളെ പ്രകാമം കവിതാവിനോദം,
പിറേന്നു മൂറും വെടിചൊല്ലലേവം
രാവെത്ര പോക്കീ ഗതനിദ്രർ ഞങ്ങൾ! 13

ഇങ്ങേതുഷസ്സാലുമുദിയ്ക്കുകില്ലാ-
സ്സുഖാഭിരാമങ്ങൾ സുവാസരങ്ങൾ;
പഴംകിനാവാലയവിട്ടുകൊണ്ടു
കിടന്നുകൊൾകെൻ കെട്ടചിത്തമേ, നീ! 14

പ്രശാന്തരൂപൻ സുഗഭീരഭാവൻ
സ്വാത്മാഭിമാനൻ വിനയാവനമ്രൻ

നിയ്ക്കുള്ളതിലുമധികം യോഗ്യത എന്നിൽ ചുമത്തി. ഇല്ലെങ്കിൽ എന്നെപ്പോലെ എളിയവനായ ഒരാളെക്കൊണ്ട് അദ്ദേഹത്തെപ്പോലെ ശ്രേഷ്ഠനായ ഒരാളുടെ കവിത തിരുത്തിയ്ക്കാമോ?

13. ഗതനിദ്രർ=ഉറങ്ങാതെ.

14. സുഖാഭിരാമങ്ങൾ=സുഖംകൊണ്ടു മനോഹരങ്ങൾ. സുവാസരങ്ങൾ=നല്ല ദിവസങ്ങൾ. ഇങ്ങേതുഷസ്സാലു.......കെട്ടചിത്തമേ നീ—കഴിഞ്ഞുപോയ സുഖാഭിരാമങ്ങളായ ആ സുദിനങ്ങൾ ഇനി ഒരിയ്ക്കലും പുനരാഗമിയ്ക്കുകയില്ല. ഇനി ആ മധുരസ്മരണകളെ അയവിറക്കിക്കൊണ്ടു കിടക്കുകയേ നിനക്കു നിവാഹമുള്ളു. കെട്ടചിത്തം—ഭാഗ്യക്കേടിനെ വ്യഞ്ജിപ്പിയ്ക്കുന്നു.

15. ഈ ശ്ലോകത്തിൽ പരേതൻെറ ബാഹ്യവും ആഭ്യന്തരവുമായ സ്വരൂപത്തെ വർണ്ണിച്ചിരിയ്ക്കുന്നു. വിനയാവനമ്രൻ=വി

Digitized By Kerala Sahitya Akademi

കൃശായതാംഗൻ ബലദാർഢ്യവാനാ-
പ്പുമാനസാധാരണനായിരുന്നു! 15

പാലാട്ടുകോമൻെറ പടപ്പയററു,-
മപ്പാക്കനോർതൻെറ പൊരുൾപ്പുരപ്പും
വരച്ചുവല്ലോ മലയാണ്മയാൽത്താൻ
വിൺചൊല്ലുവായ് വേഴ്പു തഴച്ച വമ്പൻ! 16

പുരാണഗീതോപനിഷന്നിഷേവാ-
തീൎത്ഥാംബുനിർദ്ധൌതമജാതപങ്കം,

നയംകൊണ്ടു കനിഞ്ഞവൻ; കൃശായതാംഗൻ=മെലിഞ്ഞു നീണ്ട ശരീരത്തോടു കൂടിയവൻ ബലദാർഢ്യവാൻ=ബലവും ദാർഢ്യ (ധൈൎയ്യ)വുമുള്ളവൻ. ശാന്തതാ-ഗാംഭീൎയ്യങ്ങളും, അഭിമാനാഭിനയങ്ങളും, കാൎശ്യ-ബലിഷ്ഠതകളും ചേൎന്നിരിക്കുക അത്ര സാധാരണമല്ലല്ലോ.

16. കണ്ടൂരിൻെറ അകൃത്രിമസുന്ദരങ്ങളായ പച്ചമലയാള കാവ്യങ്ങളെ (കോമപ്പനും മററും) ഓൎക്കുക. വിൺചൊല്ലു........വമ്പൻ—സംസ്കൃതഭാഷയോട് അത്രമേൽ മമതയുണ്ടായിരുന്നിട്ടും ഒരൊററ സംസ്കൃതവാക്കും അവയിൽ കടന്നുകൂടിയിട്ടില്ലെന്നു വ്യംഗ്യം. വമ്പൻ—ചില്ലറക്കാൎക്കു സാധിക്കുന്ന ഒരു കാൎയ്യമല്ലല്ലോ അത്! ഈ ശ്ലോകവും പച്ചമലയാളമാണ്

17. പുരാണ...........നിർദ്ധൌതം—പുരാണങ്ങൾ, ഗീത, ഉപനിഷത്തുക്കൾ എന്നിവയുടെ നിഷേവ(സേവിക്കൽ—വായിക്കൽ)യാകുന്ന തീൎത്ഥാംബുവാൽ (തീൎത്ഥജലത്താൽ) കഴുകപ്പെട്ടത്. അജാതപങ്കം=മാലിന്യമില്ലാത്തത് അന്ത്യകാലത്ത് അദ്ദേഹം

Digitized By Kerala Sahitya Akademi

ലോകോപകാരത്തിനഴിഞ്ഞുവെച്ചു–
ളെള്ളാന്നായിരുന്നു ഹഹ, ജീവിതം തേ. 17

ഇതായിരുന്നു, തവ നേച്ച നിത്യം:
'ലോകാസ്സമസ്താ,സ്സുഖിനോ ഭവന്തു;'
അതേററുപാടാം ഗുരുവര്യ, ഞാനും:
'ലോകാസ്സമസ്താസ്സുഖിനോ ഭവന്തു!' 18

ആധ്യാത്മികഗ്രന്ഥങ്ങൾ അനുദിനം വായിച്ചിരുന്നു. ഗീത ഗാഥാ രീതിയിൽ തജ്ജമ ചെയ്തിട്ടുണ്ട്.

18. 'ലോകാസ്സമസ്താസ്സുഖിനോഭവന്തു' (എല്ലാ ലോകങ്ങളും സുഖമടയട്ടെ) എന്നായിരുന്നുവല്ലോ, സമസ്യഷ്ടസ്നേഹഭരിതനായ അങ്ങയുടെ നിരന്തരപ്രാത്ഥന; ആ മഹത്തായ വാക്യം ഞാനും ഏററുചൊല്ലിക്കൊണ്ടിരിയ്ക്കാം. ഹേ ഗുരുവര്യ, ഈ ശിഷ്യൻ മറെറന്തു ചെയ്യേണ്ടു!

Digitized By Kerala Sahitya Akademi

10. നമ്മുടെ ഗുരുദേവൻ

(കേക)

വിശ്വഭാരതിയ്ക്കേററു
    വൈധവ്യമവിഷഹ്യ;-
മശ്ശാന്തിനികേതന-
    മശാന്തിയ്ക്കടിപെട്ടു;
ഉത്തരായണം താപോ-
    ത്തരമായ് നിന്നാഥത്വാൽ:
വ്യക്തമായല്ലോ, ഗുരു-
    ദേവനാലിഹവാസം!
ദേവേന്ദ്രമഹർഷിതൻ
    ദീപ്രമാം പ്രതിബിംബം,
ശ്രീവാണീശ്വരിമാർതൻ
    ശ്രേഷ്ഠപൂരുഷരൂപം,
ഭാവനാമഹിമാവിൻ
    മർത്ത്യാവതാരം—ഹാ ഹാ,
ഭൂവിതിൻ കാവല്ക്കാരൻ
    ദീർഘനിദ്രയിൽ വീണു!

മഹാകവി ടാഗോറിന്റെ നിര്യാണത്തെപ്പററി: 1116 കർക്കടകം.

അവിഷഹ്യം=സഹിയ്ക്കാൻ വയ്യാത്തത് വിശ്വഭാരതി (സ്ത്രീലിംഗശബ്ദം) ധവൻ (നാഥൻ) പിരിഞ്ഞവളായി. അശ്ശാന്തി.........യ്ക്കടിപെട്ടു—ശാന്തിയുടെ നികേതനമായിട്ടും അശാന്തിയ്ക്കടിപെടണമെങ്കിൽ! ഉത്തരായണം—ശാന്തിനികേതനത്തിൽ ടാഗോർ താമസിച്ചിരുന്ന ചെറുഗൃഹം. താപോത്തരം=വർദ്ധിച്ചു

Digitized By Kerala Sahitya Akademi

ഇച്ഛിച്ചുപോന്നു നിത്യ-
　　മേതിനെദ്ദർശിപ്പാനാ,
വിശ്വദർശികളായ
　　നേത്രങ്ങൾ വിശാലങ്ങൾ,
സ്വാതന്ത്ര്യമതീ മാതൃ-
　　ഭൂമിയെസ്സമീപിച്ച
പോതിലൊന്നവ പെട്ടെ-
　　ന്നടഞ്ഞതെന്നൊയ്യുമായ്!
'ദീനബന്ധു'വാമാൻഡ്രൂ-
　　സ്സാത്മസ്നേഹിതനല്ലോ;
താനെത്ര കാലം താങ്ങും
　　തദ്വിയോഗാതങ്കത്തെ?
ആനുമദ്ദേഹം മുമ്പേ
　　പോയി മേവിന പുണ്യ-
സ്ഥാനമേ പൂകിക്കൊണ്ടാ-
　　നിപ്പൊഴിസ്സുകൃതിയും!
ശ്രീമഹാകവി ടാഗോർ,
　　ഗാന്ധിജി, ജവഹർലാ-
ലീ മൂവ്വരല്ലോ, നാട്ടി-
　　നഗ്ര്യരാം നേതാക്കന്മാർ;

ആപത്തോടുകൂടിയത് നിന്നാഥതയാൽ=നാഥനില്ലായ്മമൂലം. **ദീപ്രം**=കണ്ണഞ്ചിക്കുന്ന പ്രഭയോടുകൂടിയത്. **ദേവേന്ദ്ര........ബിംബം**—മഹർഷിദേവേന്ദ്രൻ എന്നാണ് അദ്ദേഹത്തിന്റെ അച്ഛന്റെ പേർ. അച്ഛന്റെ തൽസ്വരൂപമത്രേ പുത്രനായ രവീന്ദ്രനാഥടാ

Digitized By Kerala Sahitya Akademi

ഒന്നാമൻ മൃതനായ്പ്പോയ്,
മൂന്നാമൻ തുറുങ്കിലാ-
ണെ,ന്നിനി രണ്ടാമനൊ-
രിത്തിരി സുവിശ്രമം?
'എണ്പതു വയസ്സോള-
മിങ്ങിരുന്നാതേ മമ
ഡംഭമാണെ'ന്നാനല്ലോ
ഗാന്ധിജിയോടു ഭവാൻ;
അങ്ങയ്ക്കു സുദീർഘമായ്-
പ്പോകില്ല്യ,മവശരാം
ഞങ്ങൾക്കു തുലോം ഹ്രസ്വ,
മിത്ത്വദീയായുഷ്ക്കാലം!
'വാല്മീകിവേദവ്യാസ-
കാളിദാസാദ്യന്മാരു-
ണ്ടീ മഹാകവീന്ദ്രങ്കൽ-
പ്പുക്കിനുമുയിർക്കൊൾവൂ.'

ഗോർ. ശ്രീവാണീശ്വരിമാർ=ലക്ഷ്മിയും സരസ്വതിയും. ഭുവിതിൻ ......വീണു—'പ്രാചിയുടെ കാവല്ക്കാരൻ' എന്നു് ടാഗോറിനെപ്പറ്റി ഒരു മഹാൻ പറഞ്ഞതിനെയാവാം ഇവിടെ അനുസ്മരിച്ചിട്ടുള്ളതു്.

'ദീനബന്ധു' ആൻഡ്റൂസ്സും ടാഗോറും പ്രാണസ്നേഹിതന്മാരായിരുന്നുവല്ലോ. തദ്വിയോഗാതങ്കം= അദ്ദേഹത്തിന്റെ വേർപാടുമൂലമുള്ള ദുഃഖം.

'എൺപതു.......ഡംഭമാണ്'—ടാഗോർ തന്റെ ജന്മർക്ഷം പ്രമാണിച്ചു് ഗാന്ധിജിക്കു് എഴുതിയതാണീ വാചകം.

Digitized By Kerala Sahitya Akademi

ഇപ്പടിയുള്ളഭിമാനി-
ച്ചിരുന്നു പൂർവ്വർക്കൊപ്പം,
മുപ്പത്തുമാറും കോടി-
പ്പേർകളീയൃഷിനാട്ടിൽ.
പണ്ടത്തെ വിജ്ഞാനത്തെ-
യിന്നത്തെ വിചിന്തയിൽ-
ക്കൊണ്ടിണക്കിയ ടാഗോർ-
സൂരിതൻ സൂക്തിസ്തോമം,
തണ്ടലർ പനനീർപ്പൂ-
വെന്നിവ കൂട്ടിച്ചേർത്ത
ചെണ്ടുപോലുദ്ഭാസിപ്പൂ
സാഹിതീകരാഗ്രത്തിൽ.
പുളകംകൊള്ളിച്ചാത്മ-
ജ്ഞാനത്തെജ്ജ്വലിപ്പിയ്ക്കും
ലളിതഗഭീരമാം
തദ്ഗാഥാസഹസ്രത്തെ

'വാല്മീകി......മുയിർക്കൊാംവൂ—മഹാകവിയുടെ നിര്യാണത്തെപ്പററി പ്രൊഫസ്സർ രാധാകൃഷ്ണൻ അയച്ച അനുശോചനക്കത്തിൽ ഇങ്ങിനെ പ്രസ്താവിച്ചിരുന്നു. സൂരി=പണ്ഡിതൻ. സൂക്തിസ്തോമം=സൂക്തികളുടെ കൂട്ടം. (ഗീതാഞ്ജലി മുതലായവയെ സ്മരിയ്ക്കുക). പണ്ടത്തെ......സൂക്തിസ്തോമം—പൌരസ്ത്യതത്വശാസ്ത്രത്തെ പാശ്ചാത്യച്ചിന്താഗതിയോടു സമഞ്ജസമായി കൂട്ടിയിണക്കിയതിൽ ടാഗോർ പ്രദർശിപ്പിച്ചിട്ടുള്ള പ്രാഗത്ഭ്യം ലോകപ്രസിദ്ധമാണല്ലോ. തണ്ടലർ പനിനീർപ്പൂവെന്നിവ—പൌരസ്ത്യപാശ്ചാത്യസംസ്കാരങ്ങളെ യഥാക്രമം താമരപ്പൂവും പനിനീർപ്പൂവും

Digitized By Kerala Sahitya Akademi

കരുകാലൊരേമട്ടിൽ–
    കൈക്കൈക്കൊണ്ടു മാനിയ്ക്കുന്നു,
കുടിലും കൊട്ടാരവും,
    വയലും വൻപൂങ്കാവും.
രാമമോഹനമധു–
    സൂദനചന്ദ്രാദ്യന്മാ–
രോമനിച്ചുയർത്തിയ
    വംഗീയസാഹിത്യത്തെ,
തൂമണം പാടേ വീശു–
    മാറിത്ര പുഷ്പിപ്പിച്ചു–
തീ,മഹാൻ തോട്ടക്കാരൻ
    നല്കിയ വളമല്ലോ.

ഏതേതു വിഷയത്തിൽ–
    ക്കേളിയാടീലാ, സർവ്വ–
ചേതോഹാരിണിയാം
    തൽകവിതാവിലാസിനി?

ആയിക്കല്പിച്ചതിലുള്ള ഔചിത്യം നോക്കുക. രാമമോഹന.........ചന്ദ്രാദ്യന്മാർ—ബങ്കാളിലെ സുപ്രസിദ്ധസാഹിത്യകാരന്മാരാണ് ഇവരെല്ലാം. തൂമണം.........നല്കിയ വളമല്ലോ—ഈ തോട്ടക്കാരന്റെ (ടാഗോറിന്റെ 'ഗാർഡനർ' എന്ന കൃതിയെ സ്മരിയ്ക്കുക) കാലത്താണ് ബങ്കാളിസാഹിത്യാരാമം പൂത്ത് എമ്പാടും പരിമളം വീശാൻ തുടങ്ങിയത് എന്നു താൽപര്യം.

ഏതേതു...........തദ്ഗീതശതങ്ങളെ—ടാഗോറിന്റെ മിക്ക കൃതികളും ലോകത്തിലെ പല ഭാഷകളിലും സംക്രമിയ്ക്കപ്പെട്ടി

Digitized By Kerala Sahitya Akademi

ഏതേതു മഹാഭാഷ-
　　യേററുപാടില്ല്യ,ൽകൃഷ്ട-
ഭൂതനാശയങ്ങളാം
　　തദ്ഗീതശതങ്ങളെ?
ഭാരതീയരെ വീണ്ടും
　　ഭാരതീയരാക്കാനും,
പാരിടമൊട്ടുക്കൊററ-
　　ത്തറവാടെന്നാക്കാനും,
കൂരിരുളകററാനും,
　　വെളിച്ചമിയററാനു-
മാരിത്ര ചെയ്തു യത്നം,
　　മാരിത്ര നേടീ ജയം?
നിസ്തുലൌജസ്സാമെത്ര
　　കാവ്യത്തെ രചിച്ചീലാ-
ഞെത്ര ചിത്രത്തെച്ചേലി-
　　ലെഴുതീലത്തുത്തുവ്വൽ?
മങ്ങുകില്ലൊരുനാളും,
　　മായുകില്ലതു രണ്ടു-
മിങ്ങിനെ വിളങ്ങുമേ
　　ലോകഭിത്തിയിലെന്നും!

ട്ടുണ്ട്. നിസ്തുലൌജസ്സ്=നിസ്തുല്യമായ തേജസ്സോടുകൂടിയത്. രോ
മന........തിരുമ്മീലാ?—ഓടക്കുഴലിൽ കൈ വ്യാപരിപ്പിയ്ക്കുന്നത്
ആ സംഗീതപ്രിയന് എത്രമേൽ ആഹ്ളാദപ്രദമായിരുന്നുവോ,
അത്രതന്നെ ആഹ്ളാദപ്രദമായിരുന്നു ആ കൈകൊണ്ടു മാതൃഭൂചര

Digitized By Kerala Sahitya Akademi

വേണുവിൻ തുളകളിൽ-
ത്തത്തുമക്കൈതൊൻ മാതൃ-
ക്ഷോണിതൻ തൃക്കാ-
ലെമ്മട്ടു,മ്മട്ടു തിരുമ്മീലാ?

അദ്ധ്യാത്മരഹസ്യത്തെ-
പ്പാടാനു,മധർമ്മത്തോ-
ടത്യുഗ്രം ഗർജ്ജിപ്പാനും
ത്രാണിയുള്ളൊന്നാകണ്ഠം!
വിശ്വത്തിൻ കലകളും
സംസ്കാരങ്ങളുമെല്ലാം
വിശ്വഭാരതിയിൽ വ-
ന്നങ്ങയെസ്സംസേവിച്ചു;
അങ്ങൊരാൾ കലാകാര-
നങ്ങൊരാളദ്ബുദ്ധാത്മാ-
വ,ങ്ങൊരാൾ ധർമ്മാചാര്യ-
നെങ്ങൾക്കും വിദേശ്യർക്കും!
രണ്ടോളമാണ്ടിൻ മുന്ന-
മങ്ങിദംപ്രഥമമായ്-
കണ്ടു വന്ദിപ്പാൻ ചെന്നൊ-
രല്പനാമെന്നെ പ്രാജ്ഞൻ,

ങ്ങൾ തിരുമ്മലും. അദ്ധ്യാത്മരഹസ്യ............കണ്ഠം!—ഒരൊന്നാന്തരം ഗായകനായിരുന്നു ടാഗോർ. എന്നാൽ ആ മൃദുസ്വരം, അധർമ്മത്തിന്റെ നേൎക്കാവുമ്പോൾ കൈക്കൊള്ളുന്ന ഗാംഭീര്യമോ? ഒരൊന്നാന്തരം കലാകാരനും ഒരൊന്നാന്തരം ധർമ്മസേവകനുമായി

Digitized By Kerala Sahitya Akademi

പണ്ടേ ഞാനൊരു സുഹൃ-
ത്തെന്നു തോന്നുമാറല്ലോ
കൊണ്ടാടി; മറെറന്തത്ര
സർവ്വം തൽസൌഹാർദ്ദം!
ആററു നോററനാജ്ജിച്ച
തത്സമാഗമഭാഗ്യ-
മാദ്യവുമവസാന_
ത്തേതുമായ്ത്തീർന്നല്ലോ മേ—
വാർത്തപോകാതെന്റെ കണ്ണേ,
ചുടുനീർ: വൈക്ലബ്യത്തിൻ
വാർത്തയേ സഹിയ്ക്കില്ല,
വശിയാമൃഷിപുത്രൻ!

വിശ്വസൌഭ്രാത്രം ചൊല്ലി-
ത്തന്നു നമ്മൾക്കധന്യൻ
വിശ്വാസവിഹീനരാം
നമ്മളോ, തമ്മിൽത്തല്ലി;
ബന്ധുവദ്ദേഹം തേടി
മോചനമൊന്നോ; നാമോ
ബന്ധശൃംഖല വീണ്ടും
മുറുക്കി ധീമാന്ദ്യത്താൽ.

ത്തെന്നു അദ്ദേഹമെന്നു സാരം. അഭ്യുദത്താവ്=അഭ്യുദരിയ്ക്കുന്ന ആൾ. രണ്ടോള........കൊണ്ടാടി—കവിയും ടാഗോറും തമ്മിൽ കണ്ടതിന്റെ അനുസ്മരണം. സർവ്വം=എല്ലായിടത്തും വ്യാപി യ്ക്കുന്നത്. വൈക്ലബ്യം=വിഷാദം. വശി=ഇന്ദ്രിയങ്ങളെ വശപ്പെ

Digitized By Kerala Sahitya Akademi

ഈ വൈപരീത്യം ശിഷ്യർ
മാററാഞ്ഞയാലോ, തൻെറ
ജീവിതമവസാനി-
പ്പിച്ചതഗ്ഗുരുദേവൻ?
ഹേ വിശാലാത്മൻ, പശ്ചാ-
ത്താപവിഹ്വലർ ഞങ്ങ-
ളാവതും പൊറുത്തരുൾ
കെങ്ങൾതന്നാവിവേകം.
തുറന്നു മിഴി ഞങ്ങൾ-
ക്കന്നു സസ്നേഹം ചൂണ്ടു-
വിരലാൽക്കാട്ടിപ്പോന്ന
നേർവഴികളിലൂടെ
പരമോദ്ദിഷ്ടസ്ഥാന-
ത്തെത്തുമിതാ, നടകൊൾവൂ,
മരണം വന്നാൽപ്പോലും
പിന്മടങ്ങാതേ ഞങ്ങൾ.

ഭൃത്തിയവൻ. ധീമാന്ദ്യം=ബുദ്ധിയുടെ മന്ദത. പശ്ചാത്താപവിഹ്വ-ലർ=പശ്ചാത്താപംകൊണ്ടു വിറയ്ക്കുന്നവർ. പരമോദ്ദിഷ്ടസ്ഥാനം=പരമമായ ഉദ്ദിഷ്ടസ്ഥാനം—സ്വാതന്ത്ര്യപദം.

Digitized By Kerala Sahitya Akademi

11. വെണ്മണി മഹൻ

(കേക)

ആതങ്കവിനാശിയാ-
മദ്വൈതവിജ്ഞാനത്തെ-
ബ്ഭൂതലേ പരത്തുവാ-
നായിരമാണ്ടിൻ മുന്നം
യാതൊന്നിൻ കരയിലോ,
കശ്മളമിയില്ലാത്തൊരു
ശാതശേമുഷിയാകു-
മാൺകിടാവുളവായി;
അച്ചൂർണ്ണിയ്ക്കടുക്കൽത്താ-
നന്യത്ര, നൂറാണ്ടിൻ മു-
മ്പച്ഛങ്കൽനിന്നേ ലബ്ധ-
വാസനാവിഭവനായ്
വെണ്മണിമനയ്ക്കലു-
ണ്ടായ്വന്നിതൊരു ബാലൻ,
നമ്മുടെ സാഹിത്യത്തെ
നമ്മുടേതാക്കിത്തീർക്കാൻ.

വെണ്മണിമഹന്റെ നിര്യാണത്തെപ്പററി: 1119 മിഥുനം.

ആതങ്കവിനാശി=പ്രപഞ്ചദുഃഖത്തെ നശിപ്പിയ്ക്കുന്നത്. ശാതശേമുഷി=ബുദ്ധികൂർമ്മയുള്ളവൻ. ശങ്കരാചാര്യരെ അനുസ്മരിയ്ക്കുക. ചൂർണ്ണി=പെരിയാർ, കാലടിപ്പുഴ. അന്യത്ര=മററൊരിടത്ത്; വെള്ളാരപ്പിള്ളിയിൽ. ലബ്ധവാസനാവിഭവൻ=വാസനയാ

Digitized By Kerala Sahitya Akademi

കപ്പള്ളി മഹൻ പില്ലാ-
ലത്തു വേദാന്തത്തിൽപ്പോ-
ലർഭകക്രീഡാലോലൻ
വെണ്മണിപ്പൊന്നുണ്ണിയും
നിർഭരാഹ്ലാദം നീന്തി-
ക്കളിച്ചു, പരപ്പേറും
തൃപ്പെരിയാററിങ്കലും
സാഹിത്യപ്പുഴയിലും.
ധീമാനാം ജനകൻെറ
ലാളനാൽ വിശേഷിച്ചും
പ്രേമയുക്തയായ്ത്തങ്കൽ-
ച്ചേർന്ന സാഹിതിയാളെ

കുന്ന വിഭവം കിട്ടിയവൻ. വെണ്മണിമനയും കാലടിയിലെ കപ്പള്ളി മനപോലെ പെരിയാററിൻെറ സമീപത്താണ് നമ്മുടെ....
....ത്തിക്കാൻ—വെണ്മണിരീതിയുടെ ആവിർഭാവത്തോടുകൂടിയത്രെ മലയാണ്മ തികച്ചും മലയാണ്മയായിത്തീർന്നത്. സാധാരണന്മാർക്കു കൂടി വായിച്ചാൽ മനസ്സിലാകുന്നവിധം അത്ര ലളിതമാണല്ലോ, വെണ്മണിയുടെ കാവ്യരീതി. കപ്പള്ളി........പ്പുഴയിലും—ശ്രീ ശങ്കരാചാര്യർ പില്ലാലത്തു വേദാന്തത്തിലെന്നപോലെ അർഭകക്രീഡാലോലനായ (കുട്ടിക്കളിയിൽ ആസക്തനായ) വെണ്മണിമഹൻ പെരിയാററിലും സാഹിത്യപ്പുഴയിലും നിറഞ്ഞ ആഹ്ലാദത്തോടെ നീന്തിക്കളിച്ചു. രണ്ടിലും നീന്തിക്കളിച്ചതു് ഒരുപോലെ നിഷ്പ്രയാസമായിട്ടാണെന്നു വ്യഞ്ജിയ്ക്കുന്നു.

വിശേഷിച്ചും പ്രേമയുക്തയായിത്തീർന്ന — സാഹിതിയ്ക്കു സ്വതേ അദ്ദേഹത്തോടു പ്രേമമുണ്ടായിരുന്നു; അച്ഛൻെറ ലാളനം

Digitized By Kerala Sahitya Akademi

ഫലിതം ചൊല്ലിച്ചൊല്ലി
രമിപ്പിച്ചാനാ വിപ്രൻ;
ഫലിതം പുരാപുണ്യം
കൈരളിയ്ക്കന്നാൾമുതൽ.
സ്വപ്രബന്ധത്തിൻ നർമ്മ-
ഭംഗികൾകൊണ്ടദ്ദേഹ-
മുൽബണകാറിന്യരാം
വായനക്കാരെക്കൊണ്ടും,
'എപ്പൊഴും പ്രസന്നനാ-
കെ,' 'പ്പൊഴും ചിരിയ്ക്കെ'ന്നു
ചിൽപുമാൻ കൃസ്തുവരുൾ-
ചെയ്തതാചരിപ്പിച്ചു.
സാമാന്യജനങ്ങളെ-
ക്കൊണ്ടാസ്വദിപ്പിപ്പാനാ-
ണീമട്ട ശൃംഗാരത്തേൻ
ചേർത്തതു തൻകാവ്യത്തിൽ.

മൂലം മഹാനിൽ സാഹിതി വിശേഷിച്ചും അഭിനിവേശമുള്ളവളാ യിത്തീൎന്നുവെന്നത്ഥം. ഫലിതം.........വിപ്രൻ—വെണ്മണിമഹ ന്റെ ഫലിതം പ്രസിദ്ധമാണല്ലോ. ഫലിതം=ഫലിച്ചത് ഫലി തം.........മുതൽ—അന്നു മുതല്ക്കു കൈരളിയുടെ പുരാപുണ്യം (പൂൎവ്വ സുകൃതം) സഫലമായിത്തീൎന്നു. നർമ്മഭങ്ഗികൾ=ഫലിതരീതികൾ. ഉൽബണകാറിന്യർ=അതിസ്പഷ്ടമായ കാറിന്യത്തോടുകൂടിയവർ. 'എപ്പോഴും പ്രസന്നനായിരിയ്ക്കുക, എപ്പോഴും ചിരിയ്ക്കുക' എന്നു ക്രിസ്തുദേവൻ ഉപദേശിച്ചിട്ടുണ്ട്. വെണ്മണിമഹൻ വിഷയലം

Digitized By Kerala Sahitya Akademi

ആ മഹാശുദ്ധന്നില്ല
ദുർവ്വികാരാംശം തെല്ലും;
നാമിഹ മറിച്ചോപ്പ-
ത, വിവേകത്തിൻ ഭേദം!

അപ്പനം, തുഞ്ചൻ, കുഞ്ച-
നെന്നിവർ തുറന്നിട്ട
സുപ്രവേശമാം മാർഗ്ഗ-
മൊട്ടൊട്ടായടകയാൽ
പില്പാട്ടമമർത്ത്യാകൃതി-
വീഥിയിൽത്തന്നേ പദ-
മപ്പിച്ചുപോന്ന പര-
തന്ത്രയാം സ്വഭാഷയെ
പ്രത്യാനയിപ്പാനല്ലോ
കൈക്കൊണ്ടതെഴുത്താണി;

പടനാണെന്നു നമ്മം ചിലർ വിചാരിക്കുന്നതു വിവേചനാഭാവത്താലാണ്.

പൂനം—കൃഷ്ണഗാഥാ കർത്താവ്. അമർത്ത്യാകൃതിവീഥി=ദേവഭാഷയുടെ (സംസ്കൃതത്തിൻെറ) മാർഗ്ഗം. പ്രത്യാനയിക്കുക=തിരിച്ചുകൊണ്ടുവരിക. പൂനംനമ്പൂരി, തുഞ്ചൻ, കുഞ്ചൻ മുതലായ ഗുരുവര്യന്മാർ വെട്ടിത്തുറന്ന മാർഗ്ഗത്തിലൂടെ സഞ്ചരിച്ചുപോന്ന മലയാളഭാഷ വീണ്ടും സംസ്കൃതശൈലിയിലായിപ്പോകുന്നതു കണ്ട്, അതിനെ ആ വഴിയിൽനിന്നു പിന്തിരിപ്പിച്ച് ഒരു സ്വതന്ത്രമാർഗ്ഗത്തിലൂടെ സഞ്ചരിപ്പിക്കാൻ വെണ്മണിമഹൻ അത്യധികം പ്രയ

Digitized By Kerala Sahitya Akademi

നിസ്തുലം വിജയിച്ചു-
താനുമദ്ദേഹമതിൽ!
ഏറിയ കാലത്തോള-
മന്ന്യത്രുപയായ് നിന്ന
കൈരളി തൽസ്പർശത്താൽ-
ക്കൈരളിതാനായ്ത്തീന്നു!
അച്ഛനാം നമ്പൂരിപ്പാ-
ടിന്റെ മറെറാരു പുത്ര-
നച്ഛവൈദുഷ്യൻ കുഞ്ഞി-
ക്കുട്ടനാം നൃപൻതാനും
മുന്നമീ വൈമാത്രേയ-
ജ്യേഷ്ഠന്റെയനുജനായ്-
ത്തന്നെ നിന്നത്രേ നേടീ,
സ്വഭാഷാകാവ്യാഭ്യാസം.

ന്നിച്ചിട്ടുണ്ട്. ആ പ്രയത്നം നിസ്തുലുമാംവണ്ണം വിജയിക്കുകയും ചെയ്തു. അച്ഛവൈദുഷ്യൻ=സ്വച്ഛമായ (നിർമ്മലമായ) പാണ്ഡിത്യത്തോടുകൂടിയവൻ. വെണ്മണിഅച്ഛനു വിജാതീയ സ്ത്രീയിൽ ജനിച്ച മകനാണ് കുഞ്ഞിക്കുട്ടൻ തമ്പുരാൻ. വൈമാത്രേയൻ=അച്ഛനു മറെറാരമ്മയിലുണ്ടായ പുത്രൻ. കുഞ്ഞിക്കുട്ടൻ തമ്പുരാനും മറവും സ്വഭാഷാകാവ്യാഭ്യാസം ചെയ്തിരുന്നത് യഥാർത്ഥത്തിൽ വെണ്മണിയുടെ അനുജനായിട്ടാണ് വെണ്മണിയെ തികച്ചും അനുസരിച്ചു എന്നു താൽപര്യം. കവിമൌലിവെണ്മണികൾ=കവിശ്രേഷ്ഠന്മാർ. മലയാളസാഹിത്യം നിലനില്ക്കുന്നേടത്തോളംകാലം വെണ്മണിഅച്ഛന്റേയും മഹന്റേയും ചിത്രം കൈരളിച്ചുവരി

Digitized By Kerala Sahitya Akademi

വെണ്മണിയച്ഛനമഹ–
　　ന്മാരായ കവിമൌലി–
വെണ്മണികഠം തൻചിത്രം
　　കൈരളിച്ചുമരിന്മേൽ;
എണ്മണിയിടംപോലും
　　മങ്ങാതെ, രസികക്കു
കണ്മണിയായിശ്ശോഭി–
　　ച്ചാതിരിക്കില്ലെന്നൊന്നും.

ന്മേൽ ലേശംപോലും മങ്ങൽതട്ടാതെ സഹൃദയക്കു സന്തോഷകരമായിത്തന്നെ വത്തിക്കും. അവർ എന്നെന്നും അനുസ്മരിക്കപ്പെടും.

Digitized By Kerala Sahitya Akademi

12. ചട്ടമ്പിസ്വാമികൾ

(കേക)

യാതൊന്നിലനുദിനം
    നൂറുരു പണിഞ്ഞാലും
ചേതസ്സിലലംഭാവം
    തോന്നുകില്ലൊരുത്തർക്കും,
അവ്യക്തഭാഗ്യലിപി-
    യായ മന്നിടിലമാ-
ദ്ദിവ്യപാദത്തെയൊരു
    കുറിയേ ചുംബിച്ചുള്ളൂ;
ഈയഴലെവ്വണ്ണം ഞാൻ
    സഹിയ്ക്കും,മപ്പൊൻതൃക്കാൽ
പോയല്ലോ പരപദം
    പാംസുവാൽ ശുചിയാക്കാൻ!

ചട്ടമ്പിസ്വാമികൾ മഹാസമാധിയടഞ്ഞതിനെപ്പററി:— 1099 ഇടവം.

അവ്യക്തഭാഗ്യലിപി=വ്യക്തമല്ലാത്ത ഭാഗ്യക്കുറിപ്പോടുകൂടിയത്. മന്നിടിലം=എന്റെ നെററി. അവ്യക്തഭാഗ്യലിപി എന്നു പറവാൻ കാരണം, ഒരു കുറിയേ ചുംബിയ്ക്കാൻ കഴിഞ്ഞുള്ളു എന്നതാണ്. ഭാഗ്യാക്ഷരത്തിന്നു സ്പഷ്ടതയുണ്ടായിരുന്നു എങ്കിൽ, വീണ്ടും ചുംബിയ്ക്കാൻ തരപ്പെട്ടമായിരുന്നല്ലോ എന്നഭിപ്രായം. പരപദം ....യാക്കാൻ—പരപദ(ബ്രഹ്മപദ)ത്തെക്കൂടി പരിശുദ്ധമാക്കാൻ പോന്നതാണ് അദ്ദേഹത്തിന്റെ പാദപാംസുക്കൾ! മാഗ്ഗോപചാ

Digitized By Kerala Sahitya Akademi

മുന്നിലേ നടകൊണ്ടാൻ
മാർഗ്ഗോപചാരത്തിന്നി-
സ്സന്ന്യാസിപ്പെരുമാറ്റംതൻ
ശ്രീനീലകണ്ഠൻ ശിഷ്യൻ;
അത്യന്തവിയുക്തർ നാ-
മിരുപേരോടും—നമു-
ക്കസ്തമിച്ചിതു, ഹാഹാ,
തിങ്കളും കതിരോനും!
'പരമഹംസാ'ദ്യർക്കും
സൽഗ്ഗുരുവായുള്ളോവേ,
പരമഭട്ടാരക-
വിദ്യാധിരാജസ്വാമിൻ!
സർവ്വദർശനതന്ത്ര-
സ്വതന്ത്രൻ നാനാശിഷ്യ-

രത്തിന്ന്=വഴിയ്ക്കുള്ള ഉപചാരത്തിന്നായിക്കൊണ്ട്. ശ്രീനീലക ണ്ഠൻ—നീലകണ്ഠതീർത്ഥപാദർ. ഗുരുവിന്റെ മാർഗ്ഗോപചാരത്തി ന്നായിട്ടാണ് നീലകണ്ഠതീർത്ഥപാദർ മുമ്പേ പോയത്; ഇദ്ദേഹം ചട്ടമ്പിസ്വാമികൾക്കുമുമ്പേ സമാധിയടഞ്ഞു. അത്യന്തവിയു ക്തർ=എന്നെന്നും വേർപെട്ടവർ. തിങ്കളും കതിരോനും—യഥാ ക്രമം നീലകണ്ഠതീർത്ഥപാദരെയും ചട്ടമ്പിസ്വാമികളെയും ചന്ദ്ര നും സൂര്യനുമായി കല്പിച്ചിരിക്കുന്നു.

പരമം.....ള്ളോവേ—ശ്രീനാരായണപരമഹംസനെത്തന്നെയും ചട്ടമ്പിസ്വാമികളുടെ ശിഷ്യത്വമുണ്ടത്രേ. പരമഭട്ടാരകവിദ്യാധി രാജൻ എന്നതു ചട്ടമ്പിസ്വാമികളുടെ സന്ന്യാസനാമമത്രേ. സർവ്വ ദർശനതന്ത്രസ്വതന്ത്രൻ=ദർശന (ശാസ്ത്ര) തന്ത്രങ്ങളിലും തടവില്ലാതെ ബുദ്ധി ചെലുത്തിയ. നാനാ....പാർശ്വൻ=പലതരം ശിഷ്യരാൽ ചുററപ്പെട്ട പാർശ്വങ്ങളോ (ഇരുവശങ്ങളോ) കൂടിയവൻ. സ്വക്ക

Digitized By Kerala Sahitya Akademi

സംവൃതപാർശ്വൻ നിത്യ-
ബ്രഹ്മചര്യസ്ഥൻ ഭവാൻ
പൂതമാം വേദാന്തസ്സ-
ത്തുരുക്കിയൊഴിച്ചിട്ടാ
ദ്വൈതത്തെ വിടവട-
ച്ചൊന്നാക്കി വിളക്കിയും,
സ്വകൃതാനേകസ്തോത്ര-
സൌന്ദര്യലഹരിയിൽ
പ്രകൃതിമഹേശിയെ-
പ്പൊന്നോടം കളിപ്പിച്ചും,
ശങ്കരാചാര്യരുടെ
ജന്മഭൂവിനെ വീണ്ടും
ശങ്കരാചാര്യരുടെ
ജന്മഭൂവാക്കിക്കൊണ്ടാൻ!

സ്വാ........ലഹരിയിൽ—സ്വകൃതങ്ങളായ(താൻ നിർമ്മിച്ച)അനേകം സ്തോത്രങ്ങളുടെ സൌന്ദര്യലഹരിയിൽ. പ്രകൃതിമഹേശി=പ്രകൃതിയാകുന്ന ഈശ്വരി. പൂതമാം......കൊണ്ടാൻ—പരിശുദ്ധവേദാന്തത്തിന്റെ സത്തുരുക്കിയൊഴിച്ച് ദ്വൈത (രണ്ടെന്നുള്ള ഭാവ)ത്തിന്റെ വിടവടച്ച് ഒന്നാക്കി വിളക്കിയും—അദ്വൈതജ്ഞാനത്തെ വളർത്തിയും—താൻ നിർമ്മിച്ച അനേകസ്തോത്രങ്ങളുടെ സൌന്ദര്യലഹരിയിൽ പ്രകൃതിമഹേശ്വരിയെ പൊന്നോടം കളിപ്പിച്ചും, അങ്ങു ശങ്കരാചാര്യരുടെ ജന്മഭൂമിയായ കേരളത്തെ വീണ്ടും ശങ്കരാചാര്യജന്മഭൂവാക്കിത്തീർത്തു. അദ്വൈതജ്ഞാനം വളർത്തലും സൌന്ദര്യലഹരിയിൽ പ്രകൃതിമഹേശ്വരിയെ പൊന്നോടം കളിപ്പിക്കലും, (ശ്രീ ശങ്കരന്റെ സൌന്ദര്യലഹരിയെ സ്മരിക്കുക)പ്രകൃതീശ്വരിയെ സുന്ദരമാക്കി വർണ്ണിക്കലും, രണ്ടുപേർക്കും യോജിക്കുന്നുവെന്നു കാണ്ക.

Digitized By Kerala Sahitya Akademi

ആയിരത്തിരുപത്തേ-
ഴാമതാമാണ്ടിൽ നമു-
ക്കായിട്ടിത്തിരുവടി-
യെങ്ങവതരിച്ചിതോ,
അക്കുലം പണ്ടേ, രണ്ടു-
മൂന്നുപേർ തപോയോഗാ-
ലുൽകൃഷ്ടപരിശുദ്ധ-
മാക്കിവെച്ചുള്ളൊന്നത്രേ!
ഏതിൽനിന്നൊരിതിരി-
യൊന്നു കൈക്കൊണ്ടു, തമോ-
ഭീതരാം പ്രജകളെ
നേർവഴി കാട്ടീ ഭവാൻ,
ആ മഹാമണിദീപ-
മക്ഷികൾക്കലക്ഷ്യമാം
ധാമത്തിലുൾച്ചേർന്നല്ലോ
'ശ്രീനാരായണ'സ്വാമിൻ!
ഇമ്മലയാളത്തിന്റെ
പൂർവ്വികചരിതങ്ങ-

---

3. ആയിര.......ന്നത്രേ—ചട്ടമ്പികളുടെ കുലത്തിൽ (തറവാട്ടിൽ) ഇദ്ദേഹത്തിനു മുമ്പും സന്ന്യാസികളുണ്ടായിരുന്നു. ഏതിൽ.......സ്വാമിൻ—ശ്രീനാരായണസ്വാമികൾക്കു കൈത്തിരി (ജ്ഞാനം)കിട്ടിയതേതിൽനിന്നോ, ആ മണിവിളക്കു(ചട്ടമ്പിസ്വാമികൾ) മറഞ്ഞുപോയി. ഇമ്മല....പ്പിപ്പാൻ—ചട്ടമ്പിസ്വാമിക

Digitized By Kerala Sahitya Akademi

ളുണ്മയിലരുൾചെയ്തു
　　തീന്നിടുന്നതിൻ മുന്നേ
അമ്മുഖമതാ, ദീഘ-
　　മൌനമുദ്രിതമായീ—
നമ്മളെയാരുണ്ടിനി
　　ശ്രോതവ്യം ശ്രവിപ്പിപ്പാൻ!
ശരണാഗതന്മാരിൽ-
　　ക്കാരുണ്യക്കതിർകളെ-
ച്ചൊരിഞ്ഞ നക്ഷത്രങ്ങ-
　　ളങ്ങിരുനയനങ്ങൾ
അടഞ്ഞുപോയല്ലോ—നാ-
　　മെത്ര ദുർഗ്ഗർ—വീണ്ടു-
മഴിയലില്ലാത്തതാം
　　പരമസമാധിയിൽ!
തത്ത്വമസ്യാദിമഹാ-
　　വാക്യോപദേശത്താൽപ്പോ-
ലത്തിരുമുഖം, വാണീ-
　　ദേവിതൻ കേളീപത്മം,

ളുടെ പ്രാചീനകേരളചരിത്രപ്രതിപാദകമായ **വിശിഷ്ടഗദ്യപ്രബ** ന്ധം പൂത്തിയടഞ്ഞിട്ടില്ല. **ഉണ്മയിൽ=യഥാത്ഥമായി. ശ്രോ** തവ്യം=കേൾക്കപ്പെടേണ്ടത്.

തത്ത്വമസ്യാദി....ളുകിപ്പോന്നു—**വാണീദേവി (സരസ്വതി)** യുടെ കേളീപദ്മ (കളിത്താമരപ്പൂവ്) **മായ ആ തിരുമുഖം സ്നിഗ്ദ്ധ** കണ്ഠത്തിൽനിന്നുയന്ന ഗീതംകൊണ്ടു **'തത്ത്വമസി'** മുതലായ സൂക്തികളുടെ ഉപദേശംകൊണ്ടെന്നപോലെതന്നെ **നിസ്തന്ദ്രമായ**

Digitized By Kerala Sahitya Akademi

സ്നിഗ്ദ്ധമാം കണ്ഠത്തിൽനി–
ന്നുയന്ന ഗീതത്താലും
നിസ്തന്ദ്രചിദാനന്ദ–
മരന്ദം തൂകിപ്പോന്നു!
ഭക്തക്ക മന്ത്രോപാസ്തി–
ന്യാസങ്ങൾ നിർദ്ദേശിക്കു–
മത്തൂകൈവിരലുക–
ളൊപ്പമേ വിളയാടീ
സാഹിത്യരസമുതി–
ക്കുന്ന തൂലികമേലും,
മോഹനവീണാവേണു–
മൃദംഗാദികളിലും!
ശാന്തിയെപ്പുരത്തുമാ–
സ്വാമിതൻ മുന്നിൽച്ചെന്നാൽ

(ഉണർവുള്ള) ചിദാനന്ദ (ബ്രഹ്മാനന്ദ) മരന്ദത്തെ (പൂന്തേനിനെ) തൂകിപ്പോന്നു—ചട്ടമ്പിസ്വാമിക്കു ഗാന–വാദ്യകലകളിലും വലിയ നൈപുണ്യമുണ്ടായിരുന്നു. മന്ത്രോപാസ്തിന്യാസങ്ങൾ=മന്ത്രം ഉപാസിക്കുമ്പോഴത്തെ 'ന്യാസ'ങ്ങൾ. ന്യാസങ്ങൾ കാട്ടിക്കൊടുക്കുന്നതിലും, വീണാദിവാദ്യങ്ങൾ പ്രയോഗിക്കുന്നതിലും ഒന്നുപോലെ നിപുണങ്ങളായിരുന്നു, ചട്ടമ്പിസ്വാമികളുടെ കൈവിരലുകൾ. ശാർദ്ദൂല........ജാതികൾ—കടുവാ, പാമ്പു മുതലായ ദുഷ്ടജന്തുക്കൾ. ഹാ തപോരാശേ—ഒരിക്കൽ ഒരു വനപ്രദേശത്തുവെച്ച് ഒരു വ്യാഘ്രം അദ്ദേഹത്തെ നേരിട്ടുവെന്നും, എന്നാൽ സ്വല്പനേരം അദ്ദേഹത്തിൻെറ മുഖത്തേക്കു നോക്കിനിന്ന് ആ

Digitized By Kerala Sahitya Akademi

ശാർദ്ദൂലഭുജംഗാദി-
ഹിംസ്രജാതികൾപോലും
ചിക്കെന്നു ഭാവം മാറി-
ശ്ശിഷ്യർപോലൊതുക്കത്തിൽ
നില്ക്കുയേ പതിവുള്ള—
ഹാ, തൊഴാം തപോരാശേ!
ചിത്തമേ, പോരും യത്നം:
നീയൊരു കുട്ടിയെറു-
മ്പദ്ദിവ്യപുരുഷൻെറ
മാഹാത്മ്യമൊരർണ്ണവം;
തൽപ്പുണ്യോത്തരതീർത്ഥ-
ചരണസ്മരണത്തേ-
നല്പാല്പം നുകൻറു നീ
തൃപ്തി പൂണ്ടാലും നിത്യം!

ഹിംസ്രമൃഗം ശാന്തതയോടെ തിരിച്ചുപോകയാണ് ചെയ്തതെന്നും പറഞ്ഞുകേട്ടിട്ടുണ്ട്.

ചട്ടമ്പിസ്വാമികളുടെ മാഹാത്മ്യം വർണ്ണിയ്ക്കുക തന്നാൽ സാദ്ധ്യമല്ലെന്ന്: ആ ദിവ്യപുരുഷൻെറ മാഹാത്മ്യം ഒരു സമുദ്രമാണ്; എൻെറ ഹൃദയമേ, നീയോ ഒരു കുട്ടിയെറുമ്പു മാത്രം. ഈ സമുദ്രത്തെ തരണം ചെയ്യാനുണ്ടോ ഒരു കുട്ടിയെറുമ്പു ശക്തമാവുന്നു? നിനക്കു ചെയ്യാവുന്നതായിട്ട് ഒരു കാര്യമുണ്ട്: തൽപ്പുണ്യോത്തരതീർത്ഥചരണസ്മരണത്തേൻ (അദ്ദേഹത്തിൻെറ പുണ്യോത്തരമായ തീർത്ഥചരണങ്ങളുടെ സ്മരണമാകുന്ന തേൻ) നിത്യം അല്പാല്പം നുകൻറു, നീ തൃപ്തിയടഞ്ഞാലും. അല്പാല്പം നുകൻറു—ഹൃദയത്തിനു കുറേശ്ശെക്കുറെശ്ശെ നുകരാനേ ശേഷിയുള്ളുവെന്നു വ്യംഗ്യം.

Digitized By Kerala Sahitya Akademi

13. നടുവത്തച്ഛൻ

ഹഹ! ഞാൻ ഹതനായതീവ ദു-
സ്സഹമയ്യോ, വിധി ദുർവ്വിജൃംഭിതം
ദഹനൻ പിടിപെട്ടപോലകം
സഹസാ കത്തിയെരിഞ്ഞിടുന്നു മേ. 1

ഇവനിൽക്കരുതാതണഞ്ഞൊരീ
വിവരക്കത്തിലെയക്ഷരങ്ങളിൽ
നവശോകവിമോഹദം വിഷ-
ദ്രവമാഹന്ത, തളിച്ചിരിപ്പിതോ! 2

പടുവൻകവി, സർവ്വസമ്മതൻ
നടുവത്തച്ഛനനുച്ചകീർത്തിമാൻ

1088 വൃശ്ചികം 23-ാംനു- മരണമടഞ്ഞ നടുവത്തു് അച്ഛൻ നമ്പൂതിരിയെപ്പററി:—88 ധനു.

1. വിധിദുർവ്വിജൃംഭിതം=വിധിയുടെ കെട്ടുതള്ളിച്ച. ദഹനൻ=അഗ്നി.

2. വിവരക്കത്തിലെ=ശ്രീ: അച്ഛൻനമ്പൂതിരിയുടെ നിര്യാണം അറിയിച്ച എഴുത്തിലെ. നവശോകവിമോഹദം=നവമായ ശോകവിമോഹത്തെ (വ്യസനമൂർച്ഛയെ) ഉണ്ടാക്കുന്നതു്. വിഷ.........തളിച്ചിരിപ്പിതോ—അത്രയും ബോധംകെടുത്തുന്ന വർത്തമാനമത്രേ അതിൽ കണ്ടതു്.

3. അനുച്ചകീർത്തിമാൻ=ഉച്ചമല്ലാത്ത (അധികമായ) കീർത്തി

Digitized By Kerala Sahitya Akademi

കടുവാം വിധിയാ–ലഹോ കഥി–
ച്ചിടുവാൻ വയ്യിതു കണ്ണുദാരണം. 3

പൊതുവിൽപ്പുരുദുഃഖഹേതുവി–
യതുലാമംഗളഘോരസംഭവം;
പുതുമൂച്ച തഴച്ചൊരിച്ചവാ–
ളിതു മച്ചിത്തഞെരമ്പുകൾക്കഹോ! 4

അകളങ്കരസം മനോജ്ഞഗോ–
നികരത്താലിഹ കൈവളർത്തുവാൻ
സകലോപരി സൽപഥത്തിലു–
ത്സുകനായ് മേവിയൊരിദ്ദിവാകരൻ, 5

ദിവസാത്യയമായ വേളയിൽ–
ശ്ശിവ, മേലാലുദയം പെടാപ്പടി
ഭവസിന്ധുവിലസ്തമിക്കയാൽ–
ബ്ഭുവനം കൂരിരുളാർന്നു കാണ്മു ഞാൻ! 6

ച്ചയോടു കൂടിയവൻ. കടുവാം വിധിയാൽ—ബാക്കി പറയാനെളുപ്പമല്ല. കണ്ണുദാരണം=കണ്ണത്തെ പിളർക്കുന്നത്

4. അതുലാമംഗളഘോരസംഭവം=കിടയററ അമംഗളമായ ഘോരസംഭവം.

5. മനോജ്ഞഗോനികരത്താൽ=മനോജ്ഞമായ രശ്മിക്കൂട്ടത്താൽ; വാക്സമൂഹത്താൽ (കാവ്യങ്ങളാൽ) എന്നും. ഭവസിന്ധു=സംസാരസാഗരം. സൂര്യൻ പശ്ചിമസമുദ്രത്തിൽ മുങ്ങിയാൽ വീണ്ടും ഉദിക്കും; ഈ ദിവാകരനോ, ഇനിമേലിൽ ഉദിക്കുകയില്ലല്ലോ!

Digitized By Kerala Sahitya Akademi

അതിവത്സലനായിരുന്നൊ സ-
ന്മതിയാമിക്കവിവൃദ്ധനെൻമേൽ;
ചതിയൻ വിധി, കഷ്ടമൊക്കയും
സ്മൃതിമാത്രാസ്വദമാക്കിയില്ലയോ! 7

ഒരു സൽപ്രഭുവും, കവീന്ദ്രനും,
വിരുതേറുന്നൊരു വൈദ്യമുഖ്യനും
ഒരുമിച്ചു നമുക്കു നഷ്ടരായ്,
ഗുരുതേജസ്സനൊത്രൃഷിദേവനാം. 8

വിലയററ ഗുണങ്ങളൊത്തിതാ,
വിലയംപുക്കു വിശിഷ്ടനാം മഹാൻ;
മലയാളമഹീവിഭാഗമേ,
നിലയില്ലാത്തൊരഭാഗ്യമാണു നീ! 9

തുയിർകൊണ്ടിടുമാരെവന്നുമ-
ക്ഷയിയാം താപമണച്ചിടുന്നു നീ;

---

7. സ്മൃതിമാത്രാസ്വദം=സ്മൃതിക്കു മാത്രം ആസ്വദമായിട്ടുള്ള ത്. മേലിൽ അതൊക്കെയും ഓർമ്മിക്കുവാനേ കഴിവുള്ളവല്ലോ.

8. ഗുരുതേജസ്സൻ=കനത്ത തേജസ്സോടുകൂടിയവൻ. അച്ഛൻ നമ്പൂതിരി സ്വപ്രയത്നത്താൽ വളരെ സ്വത്തു സമ്പാദിച്ച ആളും വൈദ്യനുംകൂടിയായിരുന്നു.

10. തുയിർ=ദുഃഖം. ദഹനൈക്യകല്പനം=അഗ്നിയോട് ഐക്യം(സാമ്യം)കല്പിക്കൽ. 1088 എന്ന സംഖ്യക്കു 'ദഹനൈക്യം' എന്നു പറഞ്ഞേരിടാം. അക്ഷയിയായ (എന്നും തീരാത്ത

Digitized By Kerala Sahitya Akademi

അയി, നൂതനവഷമേ, ദൃഢം
ത്വയി യുക്തം 'ദഹനൈക്യ'കല്പനം. 10

ലവവും സഹിയാത്ത കത്തിനോ–
വെവനും 'വൃശ്ചിക'മായ മാസമേ,
അവശം ഹൃദി നല്കിടുന്നു ഹാ,
തവ പിൻഭാഗമിതുഗ്രസൂചിതാൻ. 11

ചരമസ്ഥിതിയീക്കവിദ്വിജേ-
ശ്വരനെത്തീടിന തിഥിയ്ക്കഹോ,
'ഗര'മെന്നൊരു പേരു ചേരുമേ.
ദുരപായാത്തിദമായിരിയ്ക്കയാൽ. 12

രവിവാരപരാഭവോദ്യത-
ച്ഛവിയാമപ്പരിശുദ്ധവിപ്രനെ,
രവിവാരമിതീഷ്യമൂലമോ
ഭുവി കാണാൻ കഴിയാതെയാക്കി ഹാ! 13

താപം (ചൂട്; ദുഃഖം) ഉണ്ടാക്കുന്ന പുതുവഷം (1088) തീയ്യിനോടൊത്തതുതന്നെ.

11. ലവവും=തെല്ലും. വൃശ്ചികത്തിനു തേൾ എന്നും അത്ഥമുണ്ട്

12. 23ന് 'ഗരം' (വിഷം) എന്നു പരല്പേരിടാം. ദുരപായാത്തിദം=ശമിയ്ക്കാൻ പ്രയാസമുള്ള ആത്തിയെ (ദുഃഖത്തെ, രോഗത്തെ) നല്കുന്നത്

13. രവിവാര..........ച്ഛവി=രവിവാരത്തിനു (സൂയ്യസമൂഹത്തിനു) പരാഭവം ചേപ്പാൻ മുതിന്ന പ്രഭയോടു(തേജസ്സോടു)കൂടിയവൻ. രവിവാരം=ഞായറാഴ്ച. സൂയ്യസമൂഹമെന്നും.

Digitized By Kerala Sahitya Akademi

ഖലവൃത്തിയിൽ മൈത്രതാരമേ,
മലയാളത്തൊടു മൈത്രിവിട്ടു നീ
അലസാതെ ഹരിച്ചതെന്തിനീ–
ക്കലജോത്തംസകമാമുദാരനെ? 14

ഭുവി ഗോസുധതൂകിവാണൊരാ–
സ്സുവിശുദ്ധാത്മകനാം ദ്വിജേന്ദ്രനെ
അവിവേകി കറുത്ത വാവു വ–
ന്നൊവിടെക്കൊണ്ടുമറച്ചു ദൈവമേ! 15

കവിരാജഭിഷഗ്ജിതങ്ങളും,
കവിസംപ്രാർത്ഥനയും, സ്വപുണ്യവും
അവിടെയ്ക്കിരുവട്ടമേകി, മു–
മ്പവികാരത്വമശേഷതോഷദം. 16

---

14. ഖലവൃത്തി=ദുഷ്ടത. മൈത്രതാരം=അനിഴനക്ഷത്രം. മൈത്രം മൈത്രിയെ ത്യജിച്ചുകളഞ്ഞു! കലജോത്തംസകം=കലീനശിഖാമണി.

15. ഗോസുധ=വാക്കാകുന്ന (രശ്മിയാകുന്ന എന്നും) അമൃത് ദ്വിജേന്ദ്രൻ=ബ്രാഹ്മണശ്രേഷ്ഠൻ, ചന്ദ്രൻ എന്നും. അമാവാസിയിലാണ് മരണം.

16. കവി..........ജിതങ്ങൾ=വൈദ്യന്മാരുടെ മരുന്നുകൾ. കവിസംപ്രാർത്ഥനയും—അച്ഛൻനമ്പൂതിരി മുമ്പു രോഗത്തിൽപ്പെട്ടപ്പോൾ, തച്ഛമനത്തിന്നായി പല കവികളും 'ആരോഗ്യസ്തവം' നിർമ്മിക്കുകയുണ്ടായി; ഇത് അച്ചടിച്ചിട്ടുണ്ട്. അവികാരത്വം=അരോഗത.

Digitized By Kerala Sahitya Akademi

അവയൊക്കയുമിന്നു ഭാഗ്യവി-
പ്ലവമീ നമ്മളിലാപതിയ്ക്കയാൽ
അവനത്തിനനീശ്വരങ്ങളായ്:
ശിവനേ, കാലമലംഘ്യവിക്രമം! 17

നവനിർദ്ധനതാഭിഭൂതശൈ-
ശവനീബ്ഭൂസുരമൌലി ഭാഗ്യവാൻ
സ്വഭാവമൊടൊപ്പമേ ശുഭ-
വ്യവസായൻ ധനമേറെ നേടിനാൻ. 18

പുരുഷോത്തമനാകമിസ്സുധ-
പ്പെരുമാറും പുഷ്കലസദ്ഗുണങ്ങളാൽ
പുരമുത്തൊട്ടു തങ്കലെപ്പൊഴും
പെരുമാറുന്നവളാക്കി ലക്ഷ്മിയെ. 19

---

17 ഭാഗ്യവിപ്ലവം=ഭാഗ്യക്കേട് അവനം=രക്ഷണം. അനീശ്വരങ്ങൾ=അസമർത്ഥങ്ങൾ (കഴിവില്ലാത്തവ). അലംഘ്യവിക്രമം=ലംഘിയ്ക്കവയ്യാത്ത വിക്രമത്തോടുകൂടിയത്

18. എട്ടാം ശ്ലോകത്തിൽ സൂചിതമായ ധനികത്വത്തെ പ്രതിപാദിയ്ക്കുന്നു. നവ..............ശൈശവൻ=നവമായ (പ്രഥമമായ) നിർദ്ധനതയിൽ (ദാരിദ്ര്യത്താൽ) അഭിഭൂതമായ (ബാധിയ്ക്കപ്പെട്ട) ശൈശവത്തോടുകൂടിയവൻ. നല്ല പരിശ്രമത്തോടുകൂടിയവൻ. ചെറുപ്പത്തിലെ ദാരിദ്ര്യം യൌവനാരംഭത്തിൽ നീങ്ങി.

19. പുരുഷോത്തമൻ=പുരുഷശ്രേഷ്ഠൻ, വിഷ്ണുവെന്നും. ബുധപ്പെരുമാറും=പണ്ഡിതശ്രേഷ്ഠൻ, ദേവേശ്വരൻ എന്നും. പുഷ്കലം=പൂർണ്ണം. ലക്ഷ്മി (ശ്രീദേവി, സമ്പത്തു) സദാ വിഷ്ണുവിങ്കൽ പെരുമാറുന്നവളാണല്ലോ.

Digitized By Kerala Sahitya Akademi

ഒരു പാഴ്കുടിലിങ്കൽനിന്നു ന-
ല്ലൊരു കൊട്ടാരമണഞ്ഞൊരീ മഹാൻ
തിരുമണ്ഡപമായിരുന്നു സൽ-
ക്കരുണാനൃത്തകലയ്ക്കനാരതം. 20

ജഗതി പ്രഥമൻ ശമോന്മുഖൻ
'ഭഗവദ്ദൂത്' നടത്തി ഭംഗിയിൽ;
സ്വഗതാർജ്ജുനകീർത്തിഭാരനീ-
സ്സുഗതിപ്രൌഢനജാതശത്രുതാൻ. 21

സരളം, ലളിതം, സമുജ്ജ്വലം,
സരസം സദ്വിഷയൈകസംശ്രയം
കരളാക്കലിയിയ്ക്കുകില്ലയീ
വരധീമാന്റെ വചോനിഗുംഭനം. 22

---

20. സൽക്കരുണാനൃത്തകല=നല്ല ദയയുടെ നൃത്തകല. അനാരതം=എല്ലായ്പോഴും. നടുവത്തച്ഛനു പിശുക്കുണ്ടായിരുന്നില്ല; അദ്ദേഹം സ്വാർജ്ജിതമായ സംപത്തു സാധുക്കൾക്കു നല്കിപ്പോന്നു. കരുണ അദ്ദേഹത്തിൽ നൃത്തം വെച്ചിരുന്നു.

21. അർജ്ജുനശബ്ദത്തിന് വെളുത്ത എന്നും അർജ്ജുനൻ എന്നും അർത്ഥം. അജാതശത്രു=ശത്രുക്കളില്ലാത്തവൻ; യുധിഷ്ഠിരനെന്നും. യുധിഷ്ഠിരസാമ്യം പദശ്ലേഷത്താൽ സിദ്ധം. 'ഭഗവദ്ദൂത്' നാടകം ഇദ്ദേഹത്തിന്റെ പ്രധാന കൃതിയാണല്ലോ. ഇത് അദ്ദേഹത്തിനു മഹത്തായ കവിയശസ്സിനെ ഉളവാക്കി.

22. സദ്വിഷയൈകസംശ്രയം = സദ്വിഷയമൊന്നിനെ ആശ്രയിച്ചുള്ളത്. വചോനിഗുംഭനം=വാക്കുകളെ കോർക്കൽ; കാവ്യം എന്നു സാരം.

Digitized By Kerala Sahitya Akademi

നവകൈരളി, നിന്മണാളനീ–
ബ്ഭുവനം വിട്ടതിൽ മങ്ങി മാഴ്കൊലാ:
തവ രക്ഷകളി,ക്ഷമയ്ക്കൊരു–
ത്സവമാം ത'ന്മഹ'നാചരിയ്ക്കുമേ. 23

പരദുർല്ലഭസൂക്തിസമ്പദാ–
കരമാമച്ഛനമന്തരിച്ചുപോയ്!
സരളേ, കവിതേ, നിനക്കിനി–
ശ്ശരണം പാരിതിൽ വേറെയാരുവാൻ? 24

ഹഹ, കേരളലോകമാകെയു–
ണ്ടി,ഹ പങ്കേല്പതിനെന്നിരിയ്ക്കിലും
മഹനൊട്ടു ചുരുങ്ങുമോ, സുദു–
സ്സഹമാമിപ്പിതൃശോകവൈശസം? 25

സവിതാവിനു തുല്യദീപ്തിയ–
ക്കവിതാരം പരമസ്തമിയ്ക്കിലും

---

23. ഇക്ഷമയ്ക്കു്=ഈ ഭൂമിയ്ക്കു; കേരളത്തിന്നു്. ഉത്സവം— ആഹ്ലാദകരൻ എന്നു ഭാവം. മഹൻനമ്പൂരിയുണ്ടല്ലോ രക്ഷിപ്പാൻ എന്നു കൈരളിയെ ആശ്വസിപ്പിയ്ക്കുന്നു.

24. പരദുർല്ലഭസൂക്തിസമ്പദാകരം=പരന്മാൎക്കു ദുർല്ലഭമായ സമ്പത്തിന്റെ ആകരം (വിളനിലം.) വേറെയാരുവാൻ—സരള കവിതയ്ക്കു് ഇനി ശരണം മഹൻനമ്പൂരിതന്നെ.

25. പിതൃശോകവൈശസം=പിതൃദുഃഖമാകുന്ന സങ്കടം.

26. സവിതാവ്=സൂൎയ്യൻ. കവിതാരം=കവിയാകുന്ന നക്ഷത്രം. തദ്യശച്ഛവി=അദ്ദേഹത്തിന്റെ യശസ്സിന്റെ ശോഭ.

Digitized By Kerala Sahitya Akademi

ഭുവി താഴ്ചവരാതെ തദ്യശ-
ച്ഛവി താൻതാൻ വിളയാട്ടമെന്നുമേ. 26

അവിനശ്വരമാം യശസ്സിനെ-
ബ്ഭുവി നിർത്തിസ്സകലം വെടിഞ്ഞിതാ,
കവിവൃദ്ധമഹീസുരോത്തമൻ
ദിവി പോയ്ച്ചേർന്നിതു ദീനവത്സലൻ. 27

അതിഭാഗ്യവശാലണഞ്ഞൊരീ-
യതിഥിശ്രേഷ്ഠനു പാദ്യമാദ്യമായ്
മതിഹർഷഭവാശ്രുകൊണ്ടുതാൻ
കൃതിചെയ്യട്ടെ സഹസ്രലോചനൻ! 28

നിരുപാധിഹിതോപദേശനി-
യൊരു വിദ്വജ്ജനമൌലി ചെല്ലയാൽ,

ആ കവിനക്ഷത്രം അസ്തമിച്ചാലും അദ്ദേഹത്തിൻെറ യശസ്സിൻെറ ശോഭ നിലനില്ക്കുമെന്നഭിപ്രായം.

27. അവിനശ്വരം=നാശിക്കാത്തത്. ദിവി=സ്വർഗ്ഗത്തിൽ.

28. പാദ്യം=കാൽ കഴുകാനുള്ള വെള്ളം. മതിഹർഷഭവാശ്രു=മനസ്സന്തോഷത്തിൽനിന്നുണ്ടായ കണ്ണീർ. സഹസ്രലോചനൻ=ഇന്ദ്രൻ. സഹസ്രലോചനൻ ആദ്യം മനസ്സന്തോഷബാഷ്പം കൊണ്ടുതന്നെ ഇദ്ദേഹത്തിന്നു പാദ്യം നല്കട്ടെ! കൃതി—ഇദ്ദേഹത്തെ അതിഥിയായി കിട്ടിയതുകൊണ്ടു സുകൃതിയായിച്ചമഞ്ഞവൻ.

29. നിരു........ദേശൻ=നിർവ്യാജമായി ഹിതം ഉപദേശിക്കുന്നവൻ. പുരഹൂതപുരം=ഇന്ദ്രപുരി (സ്വർഗ്ഗം) ഗുരു=ബൃഹസ്പതി

Digitized By Kerala Sahitya Akademi

പുരുഹൂതപുരത്തിലിപ്പൊഴ-
ഗ്ഗുരുവിന്നും ഗുരു ഹന്ത, ലബ്ധനായ്! 29

നാമാകെയെത്ര വിലപിയ്ക്കിലുമെന്തു ദൈവ-
മാ മാന്യനെത്തിരിയെ നല്കുകയില്ലയല്ലോ!
സീമാതിസച്ചരിതനെൻ തിരുമേനി നിത്യ-
ക്ഷേമാനുഭോഗമൊടമുത്ര വിളങ്ങിടട്ടെ! 30

ഇദ്ദേഹം ഇന്ദ്രപുരിയിൽ ചെന്നതുമൂലം ഇന്ദ്രന്റെ ആചാര്യനായ സാക്ഷാൽ ബൃഹസ്പതിയ്ക്കുകൂടി ഗുരുവായി ഒരാളെ കിട്ടി എന്ന് അവർക്ക് സന്തോഷിയ്ക്കാം.

30. സീമാതീസച്ചരിതൻ=അതിർകടന്ന (അപ്രമേയമായ) നല്ല നടപടികളോടുകൂടിയവൻ. ക്ഷേമാനുഭോഗം=സുഖാനുഭവം. അമുത്ര=പരലോകത്തിൽ.

ജി. കെ. സി.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi